# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുക്കം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/917/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മുക്കം മുനിസിപ്പാലിറ്റി

സർ,

വിഷയം : മുക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.മേഖല നഗര കാര്യ ഡയറക്ടർ, കോഴിക്കോട്
3.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/917/2022 തീയ്യതി: 03/06/2022

## കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2022 മുതൽ 08-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്യാരി ലാൽ ടി സി | ജോയിന്റ് ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഇ വി .ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ടി പി അബ്ദുൽ നസീർ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ
ശ്രീമതി.റെൻസി ഇ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.എൻ.കെ.ഹരീഷ് | സെക്രട്ടറി | 01-04-2020 | 07-02-2021 |
| ശ്രീമതി സുമയ്യാബീവി | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീ വി.കുഞ്ഞൻ മാസ്റ്റർ | ചെയർമാൻ | 01-04-2020 | 31-10-2020 |
| ശ്രീ പി ടി ബാബു | ചെയർമാൻ | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.ധന്യ.സി.അർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 28-07-2020 |
| ശ്രീ കൃഷ്ണൻകുട്ടി പി എം | മുനിസിപ്പൽ എഞ്ചിനീയർ | 29-07-2020 | 31-03-2021 |
| ശ്രീമതി.പത്മാവതി | ഐ സി ഡി എസ് സൂപർവൈസർ | 01-04-2020 | 08-01-2021 |
| ശ്രീമതി ലിസ | ഐ സി ഡി എസ് സൂപർവൈസർ | 09-01-2021 | 31-03-2021 |
| ഡോ.പ്രിയ മോഹൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അരുൺ കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 30-09-2022 |
| ഡോ സി വി രവി | വെറ്ററിനറി സർജൻ | 01-10-2020 | 23-02-2021 |
| ഡോ കൃഷ്ണ സൂരജ് | വെറ്ററിനറി സർജൻ | 24-02-2021 | 31-03-2021 |
| ഡോ.മകുടം തമ്പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 26-02-2021 |
| ഡോ റിതു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 27-02-2021 | 31-03-2021 |
| ഡോ.കേശിനി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.മോഹൻ.എം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ.സനിൽ കുമാർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഇന്ദു | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് | 09-06-2020 | 31-03-2021 |
| ശ്രീ.ബി.വി.മുഹമ്മദ് നയിം | ഐ ഇ ഓ | 01-04-2020 | 21-12-2021 |
| ശ്രീ വിപിൻദാസ് കെ | ഐ ഇ ഓ | 22-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.മധുസൂദനൻ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 30-06-2022 |
| ശ്രീ അജിത്ത് ടി | ഹെൽത്ത് ഇൻസ്പെക്ടർ | 01-07-2020 | 31-03-2021 |
| പ്രകാശൻ | പ്രോജക്ട് ഓഫീസർ, | 01-03-2021 | 31-03-2021 |
| ശ്രീമതി.നീതു.കെ | പ്രോജക്ട് ഓഫീസർ | 01-04-2020 | 19-08-2020 |
| ശ്രീ വിനോദ് ജി വി | പ്രോജക്ട് ഓഫീസർ | 20-08-2020 | 28-02-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Afsal T.M (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-2 |
| 3 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Afsal T.M (Auditor, On 17-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 20-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 1-5 |
| 7 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Afsal T.M (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: RENSY. E (Auditor, On 12-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-8 |
| 10 | വസ്തുനികുതി - അപാകതകൾ<br>Written By: RENSY. E (Auditor, On 17-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 1-9 |
| 11 | ടെന്റർ ഫോറം ഫീ - പിരിവിലെ അപാകതകൾ<br>Written By: RENSY. E (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-10 |
| 12 | മുഴുവൻ വിസ്തൃതിയ്ക്കും നികുതി നിർണ്ണയിച്ചില്ല<br>Written By: RENSY. E (Auditor, On 18-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 17-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 1-12 |
| 14 | നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 17-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 1-13 |
| 15 | ബൈലോയുടെ അഭാവത്തിൽ കൃത്യമായ മാനദണ്ഡമില്ലാതെ വാടക നിശ്ചയിക്കുന്നു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-14 |
| 16 | പ്രവൃത്തിയും പ്രവൃത്തി സ്ഥലവും മാറ്റിയിട്ടും കരാർ റദ്ദാക്കാതെ നിർവ്വഹണം നടത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ് | 1-15 |

| | | |
|---|---|---|
| | Written By: Jisha Samuel (Asst. Audit Officer, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | |
| 17 | എം.ആർ.എഫ്. കെട്ടിട നിർമ്മാണം - ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലും, പദ്ധതി തുക നൽകിയതിലും അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-16 |
| 18 | മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം ഉൾപ്പെടുത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-17 |
| 19 | ഗ്രൗണ്ട് നവീകരണത്തിന് റോഡ് പ്രവൃത്തിയുടെ ഇനം ഉൾപ്പെടുത്തി - അധിക ചെലവുണ്ടായി - പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 18-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 1-18 |
| 20 | ആവശ്യകത മനസ്സിലാക്കാതെ പദ്ധതി രൂപീകരണവും നിർവ്വഹണവും - ഒരു റോഡിനായി രണ്ടു പദ്ധതികൾ<br>Written By: Jisha Samuel (Asst. Audit Officer, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-19 |
| 21 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി - ഫിഷറീസ് വകുപ്പിന്റെ സബ്സിഡി ലഭ്യമാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-20 |
| 22 | തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകൾക്കായി മുൻകൂർ നൽകി - ക്രമീകരണ വിവരം ലഭ്യമല്ല<br>Written By: E.V Hari (Audit Officer, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-21 |
| 23 | വാട്ടർ കണക്ഷൻ - 10 കൊല്ലത്തെ വെള്ളക്കരക്കുടിശ്ശിക അടവാക്കി - വിശദ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-22 |
| 24 | സ്വച്ഛ് ഭാരത് പദ്ധതി പ്രകാരം ശുചിത്വ ടോയലറ്റ് - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് തുക അനുവദിച്ചു<br>Written By: SURESH KUMAR S (Senior Grade Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-23 |
| 25 | സ്വച്ഛ് ഭാരത് - ബയോഗ്യാസ് പ്ലാന്റ് - എസ്. സി - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-24 |
| 26 | ശുചിത്വ സാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക് എൻട്രി വിവരങ്ങൾ ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-25 |
| 27 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-26 |
| 28 | ടെണ്ടർ ഫോറം വിൽപ്പനയിലെ അപാകതകൾ<br>Written By: RENSY. E (Auditor, On 16-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-27 |

| | | |
|---|---|---|
| 29 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-28 |
| | ഭാഗം **2** | |
| 1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല<br>Written By: RENSY. E (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 2-1 |
| 2 | മുഴുവൻ വിസ്തൃതിയ്ക്കും നികുതി നിർണ്ണയിച്ചില്ല<br>Written By: RENSY. E (Auditor, On 18-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 2-2 |
| | ഭാഗം **3** | |
| 1 | മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം ഉൾപ്പെടുത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 18-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 3-1 |
| 2 | ഗ്രൗണ്ട് നവീകരണത്തിന് റോഡ് പ്രവൃത്തിയുടെ ഇനം ഉൾപ്പെടുത്തി - അധിക ചെലവുണ്ടായി - പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 18-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 3-2 |
| 3 | പ്രവൃത്തിയും പ്രവൃത്തി സ്ഥലവും മാറ്റിയിട്ടും കരാർ റദ്ദാക്കാതെ നിർവ്വഹണം നടത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവവരം<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Afsal T.M (Auditor, On 18-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 10-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 02-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 24-03-2020 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 24-03-2021 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കുപ്രകാരം വരവ് |
|---|---|---|
| 110-നികുതി വരുമാനം | 62140000 | 34786143 |
| 130-നികുതിയേതര വരവുകൾ | 4224000 | 2743786 |
| 140-ഫീസ് & യൂസർചാർജ്ജസ് | 10860850 | 4239530 |
| 150-സെയിൽ & ഹയർ ചാർജ്ജസ് | 483516 | 924000 |

ബജറ്റ് എസ്റ്റിമേറ്റുകൾ വർക്ക് ഷീറ്റുകളുടെ അടിസ്ഥാനത്തിലല്ല തയാറാക്കിയത്. ഇത് ശരിയായ നടപടി ക്രമമല്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ – ബജറ്റ് പുതുക്കുന്നില്ല

കേരള മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 295(5) പ്രകാരം ഒരു വർഷത്തിനിടക്ക് നഗരസഭയുടെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ

വ്യതിയാനം, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചിട്ടില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്കു പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 220 – അഡ്മിനിസ്റ്ററേറ്റീവ് എക്സ്പെൻസസ് | 7020000 | 7049000 | 11315237 |

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 22-06-2021 |

## 1-3 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

മുക്കം നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയാറാക്കിയിട്ടുണ്ടെങ്കിലും അവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. വിവിധ ഡി. സി. ബി. രജിസ്റ്ററുകളിൽ (തൊഴിൽ നികുതി, ഡി & ഒ, കെട്ടിട വാടക തുടങ്ങിയവ) വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൻവർഷത്തെ ഡിമാന്റുകളുടെ കൃത്യത Income & Expenditure 1-1, 1-3 ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.
3. വസ്തു നികുതി കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ | വാർഷിക കണക്ക് |
|---|---|---|

| | | |
|---|---|---|
| | അബ്സ്ട്രാക്റ്റ് പ്രകാരം | പ്രകാരം (RP 37) Sundry Debtors (Receivables) |
| വസ്തു നികുതി കളക്ഷൻ (Current) | 13397078 | 14239393 |
| വസ്തു നികുതി കളക്ഷൻ (Arrear) | 8300927 | 8801404 |
| | | വാർഷിക കണക്ക് പ്രകാരം (B-15 ) Sundry Debtors (Receivables) |
| വസ്തു നികുതി (Current) ബാലൻസ് | 12921596 | 12758366 |
| വസ്തു നികുതി (Arrear) ബാലൻസ് | 2532893 | 25979208 |

4. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻ വർഷം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ആസ്തി ബാധ്യതകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല (ബി-7, ബി.18 ഷെഡ്യൂളുകൾ)
6. ഷെഡ്യൂൾ B5 പ്രകാരം 5468858/- രൂപ വായ്പ ബാധ്യതയുണ്ട്. എന്നാൽ ഈ വായ്പകളുടെ വിശദാംശം രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. 2016-17 സാമ്പത്തിക വർഷത്തെ ഷെഡ്യൂൾ B5 പ്രകാരം ഇ. എം. എസ്. ഭവന പദ്ധതി ലോൺ തുക 2148857 രൂപ വായ്പയിനത്തിൽ (Loan From Financial Institutions) ബാധ്യതയുണ്ട്. ഈ തുക 2020-21 സാമ്പത്തിക വർഷത്തെ ഷെഡ്യൂൾ B5 പ്രകാരം തുടരുന്നുണ്ട്. ഈ തുക ഏത് സ്ഥാപനത്തിൽ നിന്നാണ് എടുത്തതെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വായ്പ തിരിച്ചടവാക്കി നഗരസഭയുടെ ബാധ്യത തീർക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

8. ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ വരവ് വെച്ചിട്ടില്ല. നിലവിൽ ഈ തുക അസിസ്റ്റന്റ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഓഡിറ്റ് വേളയിൽ (16-05-2022 ന് ) ഈ അക്കൗണ്ടിൽ 998859/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് മുൻസിപ്പൽ ഫണ്ടിലേക്ക് വരവ് വെക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. തൻ വർഷത്തെ വിവിധ ഫണ്ടുകളുടെ വരവ് ACR പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ട് ഇനം | ACR പ്രകാരം | വാർഷിക കണക്ക് പ്രകാരം (RP(6) | വ്യത്യാസം |
|---|---|---|---|---|
| 1 | Development Fund General | 15515001 | 15504553 | 10448 |
| 2 | Maintanance Fund Non Road | 5285989 | 5218575 | 67414 |
| 3 | Development Fund CFC | 5080750 | 3702500 | 137825 |

10. നഗര സഭ നൽകിയതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ താഴെ കാണിച്ച ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability Inrespect Of Stale Cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | വൗച്ചർ ഡേറ്റ് | ചെക്ക് നം. | തിയതി | തുക |
|---|---|---|---|---|---|
| 1 | 22000569 | 29-09-2020 | 238602 | 07-09-2020 | 1162 |
| 2 | 22000191 | 29-05-2020 | 239307 | 25-05-2020 | 1750 |
| 3 | 22000070 | 30-04-2020 | 232385 | 16-04-2020 | 5000 |
| 4 | 22000036 | 03-04-2020 | 232377 | 03-04-2020 | 1200 |

| | | | | | |
|---|---|---|---|---|---|
| | | ആകെ | | | 9112 |

11. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | -- | 15515001 | 15515001 | 15515001 | 0 | 100 ശതമാനം |
| വികസന ഫണ്ട് (എസ്. സി. പി.) | -- | 22072000 | 22072000 | 15133237 | 6938763 | നീക്കിയിരിപ്പ് തുക നഗര സഭയ്ക്ക് നഷ്ട പ്പെട്ടു. |
| വികസന ഫണ്ട് (ടി.എസ്. പി) | -- | 358000 | 358000 | 60000 | 298000 | നീക്കിയിരിപ്പ് തുക നഗര സഭയ്ക്ക് നഷ്ട പ്പെട്ടു. |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് (റോഡ്) | --- | 23064000 | 23064000 | 21591701 | 1472299 | നീക്കിയിരിപ്പ് തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| മെയിന്റനൻസ് (നോൺ റോഡ്) | -- | 5285989 | 5285989 | 5285989 | 0 | 100 ശതമാനം |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | -- | 8099130 | 8099130 | 5080750 | 3018380 | നീക്കിയിരിപ്പ് തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | -- | 4250000 | 4250000 | 1245064 | 3004936 | നീക്കിയിരിപ്പ് തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| എസ്. എസ്. എ. | 293811 | 0 | 293811 | 0 | 293811 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ മുക്കം നഗരസഭയുടെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസന ഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 141210865 | 22279505 |
| വികസനഫണ്ട് (എസ്.സി.പി) | 110567940 | 23857940 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 38351800 | 34801800 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 9884291 | 7584291 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പിലാ | നടപ്പിലാ | പദ്ധതി | ശതമാനം |
|---|---|---|---|---|---|

| ലഭിച്ച പ്രോജക്ടുകൾ | അടങ്കൽ | ക്കിയ പ്രോജക്ടുകളുടെ എണ്ണം | ക്കാത്ത പ്രോജക്ടുകൾ | ചെലവ് | |
|---|---|---|---|---|---|
| 454 | 236258251 | 304 | 150 | 103535447 | 43.8 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 454 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 304 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി 236258251/- രൂപ വകയിരുത്തിയതിൽ 103535447/- രൂപ മാത്രമെ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ നഗരസഭക്ക് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15515001 | 15515001 | 0 | 100 |
| വികസന ഫണ്ട് (എസ്. സി. പി) | 22072000 | 15133237 | 6938763 | 68.5 |
| വികസന ഫണ്ട് ( ടി. എസ്. പി) | 358000 | 60000 | 298000 | 16.75 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 8099130 | 5080750 | 3018380 | 62.7 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 4250000 | 1245064 | 3004936 | 29.3 |
| മെയിന്റനൻസ് - റോഡ് | 23064000 | 21591701 | 1472299 | 93.6 |
| മെയിന്റനൻസ് – നോൺ -റോഡ് | 5285989 | 5285989 | 0 | 100 |
| | 78644120 | 63911742 | 14732378 | 81 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 78644120/- രൂപയിൽ 63911742/- രൂപ മാത്രമെ പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 14732378/- രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ നഗരസഭക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-6 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 3,57,15,721 |
| വരവ് | 18,34,08,918 |
| ആകെ | 21,91,24,639 |
| ചെലവ് | 19,03,10,044 |
| നീക്കിയിരിപ്പ് | 2,88,14,595 |

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

16.1.2016 ലെ എ.ബി.2/703/ത.സ്വ.ഭ.വ/നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലേക്ക വാങ്ങുന്ന കമ്പ്യൂട്ടറുകൾ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്ററുകൾ എന്നിവ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അവ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതു മൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, ഡി.&ഒ. ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് നഗരസഭ ശ്രദ്ധ ചെലുത്തുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ചെക്ക്, ഡ്രാഫ്റ്റ് എന്നിവ മുഖേനയുള്ള പണം അക്കൗണ്ടിൽ വരവ് വന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.05.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76,664/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 വസ്തുനികുതി - അപാകതകൾ

നഗരസഭയിലെ 2020-21 സാമ്പത്തിക വർഷത്തെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1) വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു മുനിസിപ്പാലിറ്റി പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി,

ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനയുണ്ട്.

വസ്തുനികുതി പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 297 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 13/410A | ശ്രീ. ഉത്തമൻ, കുളമുള്ളകണ്ടിയിൽ, മുക്കം 673602 | 266.74 ച. മീ |
| 4/1A | ശ്രീ. അരുൺ അബി, കുമ്മായതൊടിയിൽ ഹൗസ്, കല്ലുരുട്ടി 673582 | 258.53 ച. മീ |
| 1/17B | ശ്രീ. ഇബ്രാഹീം, ആന്തൻകോട്ടിൽ, ഉൽപ്പയിൽ, ഓമശ്ശേരി പി.ഒ | 264.36 ച. മീ |

വസ്തു നികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ

മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

2) വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല .

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233, സ.ഉ (എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച. മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും, 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച. മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ കാലപ്പഴക്കം |
|---|---|---|---|
| 6/46 | സുലോചന, കിഴക്കെയിൽ, കല്ലുരുട്ടി | 80 ച. മീ | 12 വർഷം |
| 14/434 | ജമീല, കൂടംകുഴിയിൽ, പാഴൂർ മാവൂർ മുക്കം | 100 ച. മീ | 15 വർഷം |

വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിസ്തീർണം, ഉപയോഗക്രമം എന്നിവ പുന: പരിശോധിക്കേണ്ടതാണ്. ചട്ട പ്രകാരം വസ്തു നികുതി അടവാക്കേണ്ട മുഴവൻ കെട്ടിടങ്ങൾക്കും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ ഉണ്ടാവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

3) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

മുക്കം നഗരസഭയിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉടമയുടെ മേൽവിലാസം | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2/20/A | ജയകുമാർ. ടി. എൻ | എസന്റ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 10,850 |
| 2 | 4/367/ | ഷൈജു. ടി. നായർ | മേനേജർ വോഡഫോൺ | 75,802 |
| 3 | 11/372/A | ഭാരതി ഇൻഫ്രാടെക് ലിമിറ്റഡ് | | 34020 |
| 4 | 12/155/A | സബ് ഡിവിഷനൽ എഞ്ചിനീയർ | ബി.എസ്. എൻ.എൽ കോംപ്ലക്സ് | 68,040 |
| 5 | 12/165/A | ഭാരതി എയർടെൽ ലിമിറ്റഡ് | എൻ.എച്ച് ബൈപാസ് ജംഗ്ഷൻ | 72,952 |
| 6 | 12/165/B | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | എ.ആർ.പി ആർക്കേഡ് | 72,952 |

| | | | | |
|---|---|---|---|---|
| 7 | 13/180/A | മേനേജർ ഐഡിയ മൊബൈൽ | ഐഡിയ മൊബൈൽ ലിമിറ്റഡ് | 72,765 |
| 8 | 13/180/B | മേനേജർ ഐഡിയ മൊബൈൽ | മേഴ്സി എസ്റ്റേറ്റ് രവിപുരം കൊച്ചിൻ | 70,880 |
| 9 | 14/375/A | വി. ഡി. സുദേവൻ | മേനേജർ WTTIL 5 Th ഫ്ലോർ | 82,687 |
| 10 | 14/971/ | സർക്കിൾ ഹെഡ് ഇൻഡ്യ ടെലെകോം ഇൻഫ്രാ ലിമിറ്റഡ് | 7ബി വെസ്റ്റ് വാലി സ്ട്രീറ്റ് | 82,687 |
| 11 | 14/1123/A | മേനേജർ റിലയൻസ് ഇൻഫോ കോം | എസ്. എ റോഡ് | 79,965 |
| | | | ആകെ | 7,23,600 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/2020-21 തീയതി 18.5.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതിയായ 7,23,600/- രൂപ മൊബൈൽ ടവറുകളുടെ ഉടമകളിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-10 ടെന്റർ ഫോറം ഫീ - പിരിവിലെ അപാകതകൾ

ടെന്റർ ഫോറം ഫീ പിരിവുമായി ബന്ധപ്പെട്ട് മാന്വൽ രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ

അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെന്റർ ഫോറം ഫീ സ്വീകരിക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ക്ലർക്ക് ശ്രീ. രാജേഷ്. പി - ക്ക് 15/07/2020 ൽ 291 നമ്പർ രശീതി ബുക്ക് അനുവദിച്ചു നൽകി. എന്നാൽ ടിയാൾ ടെന്റർ ഫോറം ഫീ പിരിച്ചതിന് കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. രശീതി ബുക്ക് നമ്പർ 291 ലെ രശീതി നമ്പർ 29036 മുതൽ 29041 വരെ 4/09/2020 – ൽ ടെന്റർ ഫോറം ഫീ ഇനത്തിൽ 13,899 രൂപ സ്വീകരിച്ച് അതേ തീയതിയിലെ സാംഖ്യ രശീതി നമ്പർ 120030102919 പ്രകാരം നഗരസഭ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. തുടർന്ന് 15/09/2020 ൽ രശീതി നമ്പർ 29042 മുതൽ 29058 വരെ സ്വീകരിച്ച തുക 62,822 രൂപയാണ്. എന്നാൽ അതേ തീയതിയിലെ സാംഖ്യ രശീതി നമ്പർ 120030102919 പ്രകാരം നഗരസഭ ഫണ്ടിൽ അടവാക്കിയത് 65,139/- രൂപയാണ്. ഇത്തരത്തിൽ പിരിച്ചതിലും കൂടുതലായി 2,317/- രൂപ അധികം അടവാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

3. തുടർന്ന് 29059 മുതൽ 29062 വരെ രശീതുകൾ പ്രകാരം 4/09/2020 ന് 14,350 രൂപ സ്വീകരിച്ചു. എന്നാൽ ഈ തുക ബാങ്കിലോ ട്രഷറിയിലോ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. രശീതികളിൽ 15/09/2020 നു ശേഷം തീയതി ക്രമരഹിതമായി 4/09/2020 എന്ന് തീയതി എഴുതി പണം സ്വീകരിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

രശീതികൾ മുഖേനയുള്ള പണം പിരിവ്, ഒടുക്ക് എന്നിവയുടെ കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ്, മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ നഗരസഭ പാലിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് 16.05.2022 നു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/2020-21 ന് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ ഫോറം ഫീസ് സ്വീകരിക്കുന്നതിന് പ്രത്യേക കളക്ഷൻ രജിസ്റ്റർ മേലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് തുടർ വർഷങ്ങളിലെ ഓഡിറ്റിൽ നിരീക്ഷിക്കുന്നതാണ്. 15.09.2020 ൽ സാംഖ്യ രശീതി നമ്പർ 120030102919 പ്രകാരം നഗരസഭ ഫണ്ടിൽ 2,317/- രൂപ അധികം അടവാക്കിയിട്ടുള്ളത് അശ്രദ്ധ മൂലം സംഭവിച്ചു പോയതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ടെണ്ടർ ഫീ ഇനത്തിൽ കുറവു വന്ന 14,350/- രൂപ നഗരസഭാ ഫണ്ടിൽ അടവാക്കാൻ ആവശ്യപ്പെട്ടതിനു മറുപടിയായി ഈയിനത്തിൽ യഥാർഥത്തിൽ കുറവ് വന്നത് 4,745/- രൂപ മാത്രമാണെന്ന് രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തുകയും കുറവ് വന്ന 4,745/- രൂപ 17/05/2022 ലെ 12203010101308 നമ്പർ രശീതി പ്രകാരം നഗരസഭാ ഫണ്ടിൽ അടവാക്കുകയും ചെയ്തു. ടെണ്ടർ ഫീ പിരിവിനായി രശീതി നൽകിയതിലെ ഇരട്ടിപ്പു മൂലമാണ് മേൽ അപാകത സംഭവിച്ചത് എന്ന് കാണുന്നു. കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തത് മൂലവും രശീതി ബുക്കുകൾ അലക്ഷ്യമായും

അശ്രദ്ധമായും കൈകാര്യം ചെയ്തത് മൂലമാണ് ഈ പിഴവ് സംഭവിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-11 മുഴുവൻ വിസ്തൃതിയ്ക്കും നികുതി നിർണ്ണയിച്ചില്ല**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (പി) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. മേൽ ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണയിക്കേണ്ടതാണ്. തൻ വർഷം നികുതി കണക്കാക്കിയ കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണത്തിന് ആനുപാതികമായി നികുതി നിർണയിച്ചിട്ടില്ല എന്ന് കണ്ടെത്തി.

ഫയൽ നം. A4/6607/2021

കെട്ടിട നമ്പർ – 14/63 A To A6

ഉടമസ്ഥന്റെ പേര്, വിലാസം - മർജാൻമോയി, എടച്ചേരി പാലിയിൽ, കാരശ്ശേരി, മുക്കം

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം

അടിസ്ഥാന നികുതി - 85 രൂപ

ഈ കെട്ടിടത്തിന്റെ സെല്ലാർ നില പൂർണ്ണമായും പാർക്കിംഗിനായി ഉപയോഗപ്പെടുത്തുന്നതായാണ് പ്ലാനിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഈ വിസ്തൃതി (756.19 ച. മീ) വസ്തു നികുതി നിർണ്ണയിച്ചപ്പോൾ ചട്ടം 3 (4) പ്രകാരം (പൊതു ആവശ്യത്തിനുള്ള വിസ്തൃതി മറ്റു ഭാഗങ്ങളോട് ആനുപാതികമായി കൂട്ടിച്ചേർക്കണമെന്ന വ്യവസ്ഥ) മറ്റു നിലകളോട് കൂട്ടിച്ചേർത്ത് വിസ്തൃതി കണക്കാക്കിയിട്ടില്ല. ഇതു മൂലം നികുതി നിർണ്ണയിച്ചപ്പോൾ കുറവുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ആകെ തറ വിസ്തൃതി പ്ലാനിൽ രേഖപ്പെടുത്തിയത് (Plinth Area) | നികുതി കണക്കാക്കേണ്ട തറ | നികുതി ഈടാക്കാത്ത തറ വിസ്തൃതി ച. മീ | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും |
|---|---|---|---|

| | | | |
|---|---|---|---|
| ച. മീ | വിസ്തൃതി<br>ച. മീ | | അടക്കം) +<br>ലൈബ്രറി സെസ്സ്) |
| Cellar-84.04<br>Ground Floor-756.19<br>First Floor-767.15<br>Stair Case- 57.04<br>Total-1644.42 | Cellar-756.19<br>Ground Floor-756.19<br>First Floor-767.15<br>Stair Case-57.04<br>Total-2336.57 | Cellar-<br>756.19-84.04<br>= 672.15 | (വഴി സൗകര്യം 20% വർദ്ധനവ്)<br>672.15 *85=57132.75<br>വഴി സൗകര്യം 20%വർദ്ധനവ്<br>57132.75+11426.55 = 68559.3<br>68559.3+library Cess 5%= 71987.2<br>71,988 രൂപ വാർഷിക വസ്തുനികുതി നഷ്ടം |

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ട പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർ പോർച്ച് സ്ഥലം മാത്രമാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്. വാണിജ്യ കെട്ടിടങ്ങൾക്ക് പാർക്കിംഗിന് വേണ്ടി നിലകൾ പണിയുമ്പോൾ പ്രസ്തുത ഏരിയ, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഏരിയയ്ക്ക് അനുപാതികമായി വീതിച്ച് നൽകണമെന്ന വസ്തുത പരിഗണിയ്ക്കാതെ നികുതി നിർണയിച്ചതിനാലാണ് നികുതി ചോർച്ച സംഭവിച്ചത്. മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയ്ക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ

നിന്നും 2020-21 ലെ ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഹിൽസൈഡ് നാച്ചുറൽ റിസോർട്ട് | 1 & 2 അർദ്ധ വർഷം |
| 2 | തുളുവനാനിക്കൽ പൈപ്പ്സ് | ഒന്നാം അർദ്ധ വർഷം |
| 3 | പ്ലസന്റ് ഇംഗ്ലീഷ് സ്കൂൾ | 1 & 2 അർദ്ധ വർഷം |
| 4 | ഇസ്ലാഹിയ കോളേജ് | 1 & 2 അർദ്ധ വർഷം |
| 5 | കെ.ഡി.സി. ബാങ്ക് മുക്കം | 2 -ാം അർദ്ധ വർഷം |
| 6 | കയർഫെഡ് മുക്കം | 1 & 2 അർദ്ധ വർഷം |
| 7 | പള്ളോട്ടി ഹിൽ പബ്ലിക് സ്കൂൾ | 2 -ാം അർദ്ധ വർഷം |
| 8 | റോയൽ അലയന | 2 -ാം അർദ്ധ വർഷം |
| 9 | റെഡ് ക്രസന്റ് ഹോസ്പിറ്റൽ | 2 -ാം അർദ്ധ വർഷം |

| | | |
|---|---|---|
| 10 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് ഹെഡ് ഓഫീസ് | 2 -ാം അർദ്ധ വർഷം |
| 11 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് കല്ലുരുട്ടി | 2 -ാം അർദ്ധ വർഷം |
| 12 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് മണാശ്ശേരി | 2 -ാം അർദ്ധ വർഷം |
| 13 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് വെണ്ണക്കോട് | 2 -ാം അർദ്ധ വർഷം |
| 14 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് സൂപ്പർമാർക്കറ്റ് | 2 -ാം അർദ്ധ വർഷം |
| 16 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോ മുക്കം | 2-ാം അർദ്ധ വർഷം |
| 17 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോ കല്ലുരുട്ടി | 2 -ാം അർദ്ധ വർഷം |
| 18 | മുക്കം സർവ്വീസ് സഹകരണ ബാങ്ക് ഈവനിംഗ് ബ്രാഞ്ച് | 2 -ാം അർദ്ധ വർഷം |
| 19 | ഹൈജിൻ ഹെൽത്ത് സ്കൂൾ ഓഫ് നാച്ചുറോപ്പതി | 1 & 2അർദ്ധ വർഷം |
| 20 | കെ.എം.സി.ടി. മെഡിക്കൽ കോളേജ് | 1 & 2 അർദ്ധ വർഷം |
| 21 | കാലിക്കറ്റ് കണ്ണാശുപത്രി | 1 & 2 അർദ്ധ വർഷം |
| 22 | കാർഷിക വികസന ബാങ്ക് | 2 -ാം അർദ്ധ വർഷം |
| 23 | കെ.എം.സി.ടി. കോളേജ് ഓഫ് ആർകിടെക്ചർ | 1 & 2 അർദ്ധ വർഷം |
| 24 | ഗുഡ്ഹോപ്പ് ഇംഗ്ലീഷ് സ്കൂൾ | 2 അർദ്ധ വർഷം |
| 25 | തിരുവമ്പാടി റബ്ബർ ഫാക്ടറി | 2 -ാം അർദ്ധ വർഷം |

| | | |
|---|---|---|
| 26 | കള്ള്ഷാപ്പ് മുക്കം | 1 & 2 അർദ്ധ വർഷം |
| 27 | പ്രീതി ഹൈപ്പർ മാർക്കറ്റ് | 1 & 2 അർദ്ധ വർഷം |
| 28 | ലാവണ്യ കിച്ചൻ മാർട്ട് | 1 & 2 അർദ്ധ വർഷം |
| 29 | മുക്കം വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 & 2 അർദ്ധ വർഷം |
| 30 | കെ.എം.സി.ടി. ഡെന്റൽ കോളേജ് | 1 & 2 അർദ്ധ വർഷം |
| 31 | കെ.എം.സി.ടി. നഴ്സിംഗ് കോളേജ് | 1 & 2 അർദ്ധ വർഷം |
| 32 | ശ്രീഗോകുലം ചിട്ടിഫണ്ട് | 2 -ാം അർദ്ധ വർഷം |
| 33 | വിവേകാനന്ദ വിദ്യാനികേതൻ | 2 -ാം അർദ്ധ വർഷം |
| 34 | കാർഷിക വികസന ബാങ്ക് | 2 -ാം അർദ്ധ വർഷം |
| 35 | കേരള ട്രെഡിംഗ് കമ്പനി | ഒന്നാം അർദ്ധ വർഷം |
| 36 | കെ.വി.ആർ. മോട്ടോഴ്സ് | ഒന്നാം അർദ്ധ വർഷം |
| 37 | ബിഗിഷ് സൂപ്പർ മാർക്കറ്റ് | 1 & 2 അർദ്ധ വർഷം |
| 38 | ഫാമിലി ഡെന്റൽ ക്ലിനിക്ക് | 1 & 2 അർദ്ധ വർഷം |
| 39 | മറീന മോട്ടോഴ്സ് | 2 -ാം അർദ്ധ വർഷം |
| 40 | സാം ഇൻഡസ്ട്രീസ് | 1 & 2 അർദ്ധ വർഷം |

| | | |
|---|---|---|
| 41 | പോളിമർ വേൾഡ് | 2 -ാം അർദ്ധ വർഷം |
| 42 | പട്ടാണിയിൽ സാൻഡ്സ് & സ്റ്റോൺ പ്രൊഡക്ട്സ് | 1 & 2 അർദ്ധ വർഷം |
| 43 | കള്ള്ഷാപ്പ് മാമ്പറ്റ | 1 & 2 അർദ്ധ വർഷം |
| 44 | കള്ള് ഷാപ്പ്, മണാശ്ശേരി | 1 & 2 അർദ്ധ വർഷം |
| 45 | മുക്കം കേബിൾസ് നെറ്റ് വർക്ക് | 1 & 2 അർദ്ധ വർഷം |
| 46 | അശ്വതി എഞ്ചിനീയറിംഗ് | 2 -ാം അർദ്ധ വർഷം |
| 47 | എസ്. ആർ. ഫ്യൂയൽസ് | 2 -ാം അർദ്ധ വർഷം |

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 251, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

മുക്കം നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ വാടകക്ക് എടുത്ത 48 വാടകക്കാരിൽ 9 പേർ മാത്രമാണ് 2020-21 കാലയളവിൽ ഡി & ഒ ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. വാടകക്ക് എടുത്തവരിൽ ഭൂരിഭാഗവും വാടക കരാറിന്റെ പിൻബലത്തിലാണ് ബിസിനസ് നടത്തിപ്പോരുന്നത്.

ഡി & ഒ ലൈസൻസ് പുതുക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. |
|---|---|
| 1. | 14/1330 |
| 2. | 14/1332 |
| 3. | 14/1333 |

| | |
|---|---|
| 4. | 14/1976 |
| 5. | 14/1981 |
| 6. | 14/1600 |
| 7. | 14/1602 |
| 8. | 14/1603 |
| 9. | 14/1604 |
| 10 | 14/1605 |
| 11. | 14/1606 |
| 12. | 14/1607 |
| 13. | 14/1608 |
| 14. | 14/1609 |
| 15 | 14/1610 |
| 16. | 14/1612 |
| 17. | 14/1613 |
| 18. | 14/1614 |
| 19. | 14/1616 |
| 20. | 14/1618 |
| 21. | 14/ 1619 |
| 22. | 14/1620 |
| 23. | 14/1621 |
| 24. | 14/1622 |
| 25. | 14/1623 |
| 26. | 14/1624 |
| 27. | 14/1626 |
| 28. | 14/1628 |
| 29. | 14/1629 |

| | |
|---|---|
| 30. | 14/1630 |
| 31. | 14/1631 |
| 32. | 14/1632 |
| 33. | 14/1633 |
| 34. | 14/1639 |
| 35. | 14/1641 |
| 36. | 14/1647 |
| 37. | 14/1648 |
| 38. | 14/1649 |
| 39. | 14/1982 |

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 5, 11 ലൈസൻസിനുള്ള അപേക്ഷ, ലൈസൻസ് പുതുക്കൽ എന്നിവ സംബന്ധിച്ച് കൃത്യമായി ചട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ട പ്രകാരമുള്ള യാതൊരു പരിശോധനയും സ്ഥാപനത്തിലില്ലാത്തത് കൊണ്ടാണ് ഇത്തരത്തിൽ വീഴ്ചയുണ്ടായിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 17/2020-21 തീയതി 17.5.2022) മറുപടി സമർപ്പിച്ചിട്ടില്ല. പിഴയോട് കൂടി ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ബൈലോയുടെ അഭാവത്തിൽ കൃത്യമായ മാനദണ്ഡമില്ലാതെ വാടക നിശ്ചയിക്കുന്നു

മുക്കം നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക കരാർ ചമയ്ക്കുന്നതിന് അടിസ്ഥാനപരമായി സൂക്ഷിക്കേണ്ട ബൈലോ സ്ഥാപനത്തിലില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04/02/2019 ലെ 12 ാം നമ്പർ തീരുമാന പ്രകാരം 2019-20 കാലയളവിൽ വാടക റൂമുകൾക്ക് 10% വർദ്ധനവ് വരുത്തി കരാർ പുതുക്കി നൽകിയപ്പോൾ 2020-21 കാലയളവിൽ 9/02/2020 ലെ 3 ാം നമ്പർ തീരുമാന പ്രകാരം 8% വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ഇതിൽ നിന്നും മനസ്സിലാവുന്നത് കൃത്യമായ ഒരു മാനദണ്ഡമില്ലാതെയാണ് നഗരസഭ വാടക കരാർ നിശ്ചയിക്കുന്നതെന്നാണ്. 1994 ലെ കേരള മുൻസിലിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 567 പ്രകാരം ബൈലോകളുണ്ടാക്കാൻ അതാതു കൗൺസിലുകൾക്ക് അധികാരമുണ്ട്. ഇത്തരത്തിലുണ്ടാക്കുന്ന ബൈലോകൾ മുൻസിപ്പാലിറ്റി ആക്ടിനും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാവരുത്. സ്ഥാപനങ്ങളിലെ ബൈലോകൾ പ്രകാരമാണ് വർഷാ വർഷ വാടക കരാർ പുതുക്കുന്നതും, വർദ്ധനവ് വരുത്തുന്നതും, വാടക പിരിവ്, കുടിശ്ശിക, ദുർബല വിഭാഗങ്ങൾക്ക് നിശ്ചിത ശതമാനം വാടക മുറികൾ സംവരണം ചെയ്യൽ, കൂട്ടിച്ചേർക്കലുകൾ, പിഴ ഈടാക്കൽ, ഒഴിപ്പിക്കൽ തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും നടപടികളും പുറപ്പെടുവിക്കുന്നതും കൃത്യമായ ബൈലോയുടെ അഭാവത്തിൽ മുൻസിപ്പൽ ജീവനക്കാർ ഏത് മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയാണ് വാടക വർദ്ധനവ് വരുത്തുന്നതും വീഴ്ചക്കെതിരെ നടപടികൾ സ്വീകരിക്കുന്നതെന്നും വ്യക്തമല്ല. അടിയന്തിര പ്രാധാന്യത്തോടെ ബൈലോ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പ്രവൃത്തിയും പ്രവൃത്തി സ്ഥലവും മാറ്റിയിട്ടും കരാർ റദ്ദാക്കാതെ നിർവ്വഹണം നടത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മുക്കം ടൗൺ ഫുട്പാത്ത് നവീകരണം, 228/21

അടങ്കൽ : 14,00,000/-സംരക്ഷണ ഗ്രാന്റ് റോഡ്

ചെലവ് : 13,08,559/- ബിൽ നമ്പർ 32/20-21/6.3.21

മുക്കം മെയിൻ റോഡിൽ അഭിലാഷ് ജംങ്ഷൻ, പി.സി. ജംങ്ഷൻ എന്നിവിടങ്ങളിൽ നിന്നും ബസ്സ്റ്റാന്റിലേയ്ക്കുള്ള നടപ്പാതയുടെ ഇന്റർലോക്ക് പ്രവൃത്തിയും, ഹാന്റ് റെയിൽ നിർമ്മാണവുമാണ് ഈ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നത്. ഇതിനായി ഇ-ടെണ്ടർ നടത്തി ഷാൻറസാക്ക് എന്നയാളുമായി 28.7.2020 ന് കരാറിലേർപ്പെട്ടു (5.33%ടെണ്ടർ കുറവ്). എന്നാൽ 6.2.21 ലെ കൗൺസിൽ തീരുമാനം 10 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി മറ്റൊരു റോഡ് കോൺക്രീറ്റ് ചെയ്യുകയാണുണ്ടായത്. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണം രേഖപ്പെടുത്തിയത് ഇപ്രകാരമാണ് - പ്രവൃത്തി നടത്താനുദ്ദേശിച്ചിരുന്ന സ്ഥലം "ബ്യൂട്ടിഫിക്കേഷൻ ഓഫ് മുക്കം ടൗൺ" എന്ന പി.ഡബ്ല്യു.ഡി. നടപ്പാക്കുന്ന പദ്ധതിയിൽപ്പെട്ടിട്ടുണ്ടെന്നും അതുകൊണ്ട് ഈ ഫണ്ട് മാർക്കറ്റ് റോഡ് നവീകരിക്കാൻ (മാർക്കറ്റ് ജംങ്ഷൻ മുതൽ അരീക്കോട് സ്റ്റാന്റ് വരെ കോൺക്രീറ്റ് ചെയ്യാൻ) എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്.

ഇതു പ്രകാരം മാർക്കറ്റ് റോഡിന്റെ നിർമ്മാണം നടത്തുകയും, തുക കരാറുകാരന് നൽകുകയും ചെയ്തു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു,

- വിഭാവനം ചെയ്ത പ്രവൃത്തിയിൽ പൂർണ്ണമായും മാറ്റമുണ്ടായിട്ടും (പ്രവൃത്തി സ്ഥലവും, പ്രവൃത്തിയുടെ സ്വഭാവവും) കരാർ റദ്ദ് ചെയ്യാതെ/പ്രോജക്ട് ഒഴിവാക്കാതെ അതേ കരാറുകാരനെ കൊണ്ട് നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- നഗരസഭയുടെ 2020-21 ലെ അന്തിമ പദ്ധതി രേഖയിൽ മുക്കം ടൗൺ ഫുട്പാത്ത് നവീകരണം എന്ന പദ്ധതിയല്ലാതെ മാർക്കറ്റ് റോഡ് പുനരുദ്ധാരണത്തിനായി പദ്ധതികളൊന്നും രൂപീകരിച്ചിരുന്നില്ലെന്ന് വ്യക്തമാകുന്നു. ജില്ലാ ആസൂത്രണ ബോർഡിന്റെ അംഗീകാരം വാങ്ങിയതും നടപ്പാത നിർമ്മാണത്തിനാണ്. ഇവയൊന്നും കണക്കാക്കാതെ പദ്ധതിരേഖയിലില്ലാത്ത ഒരു പദ്ധതി അംഗീകാരം വാങ്ങിയ മറ്റൊരു പ്രവൃത്തിയുടെ പേരിൽ നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം പൂർത്തീകരണ തിയ്യതി 3.2.2021 ആണ്. അളവു പുസ്തകത്തിലും ഇതേ തിയ്യതിയിൽ പ്രവൃത്തി പൂർത്തീകരിച്ചത് വ്യക്തമാണ്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിൽ തീരുമാനമാകുന്നത് 6.2.2021 നാണ്. അതായത് പ്രവൃത്തി പൂർത്തീകരണ ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കിയത് അല്ലെങ്കിൽ പൂർത്തീകരിച്ച പ്രവൃത്തിക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തത്. ഈ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
- തൻവർഷം നഗരസഭയിൽ നിർവ്വഹണം നടത്തിയ വിവിധ റോഡുകളുടെ കോൺക്രീറ്റ്

പ്രവൃത്തികളുടെ ടെണ്ടർ വിശദാംശം പരിശോധിച്ചാൽ മുഴുവൻ പ്രവൃത്തികളും ശരാശരി 23% ടെണ്ടർ കുറവിലാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആദ്യ ടെണ്ടർ റദ്ദാക്കി/പ്രോജക്ട് ഒഴിവാക്കി പുതിയ പദ്ധതിയായി നിർവ്വഹണം നടത്തിയിരുന്നെങ്കിൽ ഈ പ്രോജക്ടിനും ഇത്തരത്തിലുള്ള ടെണ്ടർ കുറവ് നഗരസഭയ്ക്ക് ഉറപ്പാക്കാമായിരുന്നു. ഇന്റർലോക്ക് പ്രവൃത്തിയ്ക്കായി ലഭിച്ച 5.33% ടെണ്ടർ കുറവിലാണ് ഈ പദ്ധതി നടപ്പാക്കിയത്. മറ്റു കോൺക്രീറ്റ് പ്രവൃത്തികൾക്ക് ലഭിച്ച 23% ടെണ്ടർ കുറവ് ഈ പ്രവൃത്തിയ്ക്ക് ലഭിച്ചിരുന്നെങ്കിൽ ഏകദേശം 2,28,998/-രൂപയുടെ (ആകെ ചെലവ് 13,08,559/- രൂപയുടെ 17.5%= 228998/-) ലാഭം നഗരസഭയ്ക്ക് ഉറപ്പാക്കാമായിരുന്നു. നഗരസഭയുടെ സാമ്പത്തിക താൽപര്യം ഉറപ്പാക്കുന്ന ഇടപെടൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ, കൗൺസിലിന്റെയോ ഭാഗത്തുനിന്ന് ഉണ്ടായില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. ഈ മറുപടിയിൽ വിശദീകരിക്കുന്നത് ആദ്യം പ്രവത്തി നടത്താനുദ്ദേശിച്ചിരുന്ന ഭാഗത്ത് പി.ഡബ്ല്യൂ.ഡി. മുഖേന പ്രവൃത്തി നടത്തുന്ന വിവരം അറിഞ്ഞതിനാൽ ഇതേ റോഡിന്റെ ഒരു ഭാഗമായ മാർക്കറ്റ് റോഡ് പ്രവൃത്തി ചെയ്യാൻ തീരുമാനിക്കുകയായിരുന്നുവെന്നാണ്. വളരെ അടിയന്തിരമായി ചെയ്യേണ്ട പ്രവൃത്തിയായിരുന്നു ഇതെന്നും, എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിലിലേയ്ക്ക് കത്ത് നൽകിയിരുന്നുവെന്നും അടിയന്തര സാഹചര്യത്തിൽ പ്രവൃത്തി പെട്ടെന്ന് പൂർത്തീകരിക്കുകയായിരുന്നെന്നും അതിനാലാണ് പ്രവൃത്തി പൂർത്തീകരിച്ച ശേഷം അംഗീകാരം ലഭിക്കുന്ന അവസ്ഥയുണ്ടായതെന്നും മറുപടിയിൽ അറിയിച്ചു. ടെണ്ടറിൽ എല്ലാ സമയവും മുകളിൽ വിവരിച്ച ടെണ്ടർ കുറവ് ലഭിക്കുമെന്ന് വിലയിരുത്താനാവില്ലെന്നും മറുപടിയിൽ വിശദീകരിക്കുകയുണ്ടായി.

ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികളും കരാർ ചമയ്ക്കലും നടന്നിരിക്കുന്നത് 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെയാണ്. മറുപടിയിൽ വിവരിച്ച പ്രകാരം അടിയന്തിര പ്രധാന്യമുള്ള പ്രവൃത്തിയായിരുന്നെങ്കിൽ ഈ പദ്ധതി നിർദ്ദേശം തൻവർഷത്തെ പദ്ധതി രൂപീകരണ വേളയിൽ പ്രയോരിറ്റി കണക്കാക്കി ഉൾപ്പെടേണ്ടതായിരുന്നു/അല്ലെങ്കിൽ തൻവർഷത്തെ പദ്ധതി ഭേദഗതികളിൽ ഉൾപ്പെടുത്തി നടത്തേണ്ടതായിരുന്നു. ഒരു സാമ്പത്തിക വർഷത്തിന്റെ ഭൂരിഭാഗം കാലയളവും ഈ വിഷയത്തിനായി ലഭ്യമായിട്ടും വിഭാവനം ചെയ്ത പ്രവൃത്തി ഒഴിവാക്കി യഥാർത്ഥ ആവശ്യത്തിനുള്ള പദ്ധതി തയ്യാറാക്കാതെ നിർവ്വഹണം നടത്തിയത് ഗുരുതര അപാകതയാണ്.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ നിന്നും സർക്കാർ നിർദ്ദേശങ്ങളെയെല്ലാം അവഗണിച്ച്/ആസൂത്രണബോർഡിനെയും ജനങ്ങളെയും കബളിപ്പിക്കും വിധമുള്ള പ്രവർത്തനമാണ് നഗരസഭ നടത്തിയതെന്നും, കരാറുകാരന് കൂടുതൽ ലാഭമുണ്ടാക്കുന്നതിന് നഗരസഭ കൂട്ടു

നിൽക്കുകയായിരുന്നെന്നും വ്യക്തമാകുന്നു. നഗരസഭയ്ക്ക് ചെലവിൽ കുറവു വരുത്താമായിരുന്ന 2,28,998/- രൂപ നഗരസഭാ ഫണ്ടിന്റെ നഷ്ടമായി കണക്കാക്കുകയും, ഈ തുക ഇതിനു സാഹചര്യമൊരുക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും, എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം നടത്താൻ അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-16 എം.ആർ.എഫ്. കെട്ടിട നിർമ്മാണം - ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലും, പദ്ധതി തുക നൽകിയതിലും അപാകത

2019-20 വർഷത്തിൽ നഗരസഭാ കെട്ടിടത്തിനു മുകളിലായി എം.ആർ.എഫ്. കേന്ദ്രം നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്തതാണ് ഈ പ്രോജക്റ്റ്. 8,68,000/- (6,80,750/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 187250/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ട്) രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയുടെ ആദ്യ രണ്ടു പാർട്ട് ബില്ലുകൾ (278797 + 284792) അതേ വർഷം നൽകി. ബാക്കി തുക നൽകുന്നതിനായി സ്പിൽ ഓവർ പദ്ധതിയായി (പ്രോ.നം.313/21) 2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടു. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു,

- നഗരസഭാ കെട്ടിടത്തിന്റെ മൂന്നാം നിലയ്ക്ക് മുകളിൽ നിലവിലുണ്ടായിരുന്ന ഷീറ്റ് റൂഫിന്റെ ഉയരം കൂട്ടി അറ്റകുറ്റ പണികൾ ചെയ്ത് എം.ആർ.എഫ്. കെട്ടിടമായി ഉപയോഗിക്കാനാണ് വിഭാവനം ചെയ്തത്. ഇതിനായി നിലവിലുള്ള ട്രസ് വർക്കും, ഷീറ്റ് മേൽക്കൂരയും അഴിച്ചെടുത്തു, ഉയരം കൂട്ടി വീണ്ടും സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തിയിരുന്നു. ഒബ്സേർവ്ഡ് ഡാറ്റയാണ് ഇതിനായി ഉൾപ്പെടുത്തിയത്. തയ്യാറാക്കിയ ഡാറ്റയുടെ വിശദാംശം ചുവടെ കൊടുക്കുന്നു,

3 Specification Code: od259947/2019_2020

od259947/2019_2020 :Fixing roof sheet of good quality up to any pitch including fixing J or L hooks,bolts and nuts etc.complete excluding purlins, rafters etc. complete.- Sheet cost excluded.(Modified DAR 12.1.1)

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1022 | Galvanised steel bolts & nuts 6 mm dia and 25 mm long round head with slots G.I. J or L hooks 8 mm dia. (No. of purlins to be used 5 on either side)2x5x27 (No. of sheets)x23 Nos. of bolts in each Sheet = 810 Nos. | 10 nos | 884.00000 | 38.00 | 3359.20 |
| 1022 | Galvanised steel bolts & nuts 6 mm dia and 25 mm long round head with slots G.I. J or L hooks 8 mm dia. (No. of purlins to be used 5 on either side)2x5x27 (No. of sheets)x23 Nos. of bolts in each | 10 nos | 884.00000 | 38.00 | 3359.20 |

printed on 16-05-2022 11:41:48 page 2

| | | | | | |
|---|---|---|---|---|---|
| | Sheet = 810 Nos. | | | | |

| | | | | | |
|---|---|---|---|---|---|
| 1023 | Galvanised steel J or L hooks 8 mm dia | 10 nos | 810.00000 | 115.00 | 9315.00 |
| 1207 | G.I Limpet washer (total of seam and J bolts 884+810 = 1694 | 100 nos | 1694.00000 | 35.00 | 592.90 |
| 1208 | Bitumen washer | 100 nos | 1694.00000 | 30.00 | 508.20 |
| 9999 | Sundries Carriage of bolts and washers | L.S | 26.91000 | 1.73 | 46.55 |
| 9999 | Sundries LABOUR: | L.S | 53.82000 | 1.73 | 93.11 |
| 0130 | Mistry | Day | 1.30000 | 487.00 | 633.10 |
| 0112 | Carpenter 2nd class | Day | 15.50000 | 448.00 | 6944.00 |
| 0114 | Beldar | Day | 15.50000 | 368.00 | 5704.00 |
| | | | | TOTAL | 30555.26 |
| | | | | cost for 184.518 sqm | 30555.26 |
| | | | | cost for one sqm | 165.6 |
| | | | | say | 165.6 |

| | | | | | |
|---|---|---|---|---|---|
| | Add Water Charges @ 1.0% | | | | **1.65** |
| | Add CPOH @ 15.0% | | | | **25.08** |
| | Cost index **31.06 %** | | | | 59.74 |
| | Total with Cost index | | | | 252.09 |
| | Say | | | | 252.09 |

DAR ലെ ഐറ്റം 12.1.1. ന്റെ മോഡിഫിക്കേഷനായി തയ്യാറാക്കിയ മേൽ ഡാറ്റയിൽ കോഡ് 1022 (സ്റ്റീൽ ബോൾട്ടിന്റെയും, നട്ടിന്റെയും വില) രണ്ടു തവണ ഉൾപ്പെടുത്തി. ഇതുമൂലം യഥാർത്ഥത്തിൽ നൽകാവുന്ന നിരക്കിനേക്കാൾ 27.73 രൂപയുടെ വർദ്ധന ഒരു ച. മീറ്ററിൽ ഉണ്ടായിട്ടുണ്ട്.

- അളവു പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 8,60,150/- രൂപയാണ്. 2019-20 ൽ 5,63,589/- രൂപയുടെ രണ്ടു പാർട്ട് ബില്ലുകൾ നൽകി. 2020-21 ൽ ഈ പദ്ധതിക്കായി 3,04,411/- രൂപ സ്പിൽ ഓവർ ഇനത്തിൽ വകയിരുത്തിയെങ്കിലും ഈ പദ്ധതിയിൽ നിന്നും 84,362/- രൂപ മാത്രമാണ് ചെലവഴിച്ചത്. 2,08,908/- രൂപയുടെ മറ്റൊരു ബിൽ നൽകാനായി ഒരു പുതിയ പ്രോജക്ട് തയ്യാറാക്കി (പ്രോ.നം.498/21) ഫണ്ടിനം തനതുഫണ്ടായി വകയിരുത്തി തുക നൽകിയിരിക്കുന്നു.
- നാലു വ്യത്യസ്ത ബില്ലുകളിലായി 8,56,859/-(2,78,797 +2,84,792 +84,362 +2,08,908) രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഈ തുക ആകെ പ്രവൃത്തി മൂല്യത്തുകയിൽ നിന്നും വ്യത്യസ്തമാണ്.
- നഗരസഭാ കെട്ടിടത്തിനു മുകളിൽ ഇത്തരത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി

തയ്യാറാക്കുമ്പോൾ ഉറപ്പാക്കേണ്ട ഫയർ സേഫ്റ്റി സംവിധാനം നിലവിൽ കെട്ടിടത്തിനില്ല. നിലവിലുള്ള നഗരസഭ കെട്ടിടത്തിന് ഈ സംവിധാനം കൂടി ഉൾക്കൊള്ളാനുള്ള ശേഷി ഉറപ്പാക്കുന്ന വിധം കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി പരിശോധിക്കപ്പെടുകയോ, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ മറ്റൊരു പ്രോജക്ടിന്റെ സമാനമായ എസ്റ്റിമേറ്റിൽ നിന്നും ഡാറ്റ പകർത്തിയപ്പോൾ ഉണ്ടായ അശ്രദ്ധ മൂലമാണ് ഇതു സംഭവിച്ചതെന്നും, ഇ-ടെണ്ടറിൽ കരാറുകാരൻ യഥാർത്ഥത്തിൽ കൊടുക്കേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് പ്രവൃത്തി നടത്തിയതിനാൽ നഗരസഭാ ഫണ്ടിന് നഷ്ടം വന്നിട്ടില്ലെന്നും അറിയിച്ചു. ബിൽ തുക നൽകിയതിലെ അപാകത ക്ലറിക്കൽ പിശകാണെന്നും അറിയിക്കുകയുണ്ടായി.

കരാറുകാരൻ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിനാൽ മാത്രമാണ് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകാതിരുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലുണ്ടാകുന്ന ഇത്തരം പിശകുകൾ സാങ്കേതിക വിഭാഗത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. ബിൽ തുക നൽകുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതും, ഖണ്ഡികയിൽ പരാമർശിച്ച മറ്റപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

1-17 മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം ഉൾപ്പെടുത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മുനിസിപ്പൽ കംഫർട്ട് സ്റ്റേഷൻ നവീകരണം, 316/21

അടങ്കൽ : 7,00,000/- തനതുഫണ്ട്

ചെലവ് : 402696/- (വൗ.നം.22000866/13.11.20)

മുനിസിപ്പൽ ഓഫീസിനും, ബസ്സ്റ്റാന്റിനും സമീപം നിലവിലുള്ള കംഫർട്ട് സ്റ്റേഷനും, മുനിസിപ്പൽ ഓഫീസ് കെട്ടിടത്തിലെ ടോയ്‌ലെറ്റുകൾക്കും പുതിയൊരു സെപ്റ്റിക് ടാങ്കും, സോക്ക് പിറ്റും നിർമ്മിക്കുന്നതിനാണ് ഈ പ്രോജക്ട്. സെപ്റ്റിക് ടാങ്കിനും, സോക് പിറ്റിനുമായി കുഴിയെടുക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 2.8.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ താഴെ വീതിയുള്ള ഫൗണ്ടേഷൻ/ട്രഞ്ചസിനായി മണ്ണെടുക്കുന്നതിനുള്ള ഇനമാണിതമെന്ന് കാണാം. എന്നാൽ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും, അളവു പുസ്തകവും പരിശോധിച്ചാൽ ചെയ്ത പ്രവൃത്തി രണ്ട് മീറ്ററിൽ കൂടുതൽ വീതിയിലാണ് നടത്തിയതെന്ന് മനസ്സിലാകുന്നു. ഈയിനത്തിന് യഥാർത്ഥത്തിൽ DAR ലെ ഐറ്റം 2.6.1 ഉൾപ്പെടുത്തിയാൽ മതിയായിരുന്നെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മണ്ണ് പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയതിനാൽ

നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ഇനം 2.8.1 പ്രകാരം നൽകിയ തുക | ഇനം 2.6.1 പ്രകാരം വേണ്ടി വരുന്ന തുക | അധിക ചെലവ് |
|---|---|---|
| സെപ്റ്റിക് ടാങ്ക്<br>4.9 X 2 X 3.1 =30.38m3<br>@218.08 = 6625.27 | സെപ്റ്റിക് ടാങ്ക്<br>4.9 X 2 X 3.1 =30.38m3<br>@165.07 = 5014.83 | 1,610.44 |
| സോക് പിറ്റ്<br>4 X4 X 0.3 = 4.8<br>4.4 X 4.4 X 2.15 = 41.62<br>46.42<br>@218.08 = 10123.27 | സോക് പിറ്റ്<br>4 X4 X 0.3 = 4.8<br>4.4 X 4.4 X 2.15 = 41.62<br>46.42<br>@165.07 = 7662.55 | 2,460.72 |
| ആകെ | | 4,071/- |

മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം ഉൾപ്പെടുത്തിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി, "ഐറ്റം തെരെഞ്ഞെടുത്തപ്പോൾ സ്പെസിഫിക്കേഷൻ ശ്രദ്ധിക്കാതെ പോയതാണ് തെറ്റ് സംഭവിക്കുന്നതിന് കാരണമായതെന്നാ"ണ്. ഇപ്രകാരമുള്ള അശ്രദ്ധ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധികചെലവ് ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-18 ഗ്രൗണ്ട് നവീകരണത്തിന് റോഡ് പ്രവൃത്തിയുടെ ഇനം ഉൾപ്പെടുത്തി - അധിക ചെലവുണ്ടായി - പിഴ ഈടാക്കിയില്ല

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മംഗലശ്ശേരി ഗ്രൗണ്ട് നവീകരണം, 253/21

അടങ്കൽ : 2,00,000/- തനതുഫണ്ട്

ചെലവ് : 1,49,175/- (വൗ. നം.22001261/5.2.21)

2018-19 വർഷത്തിൽ രൂപീകരിച്ചതാണ് ഈ പ്രോജക്ട്. ഫില്ലിംഗ് പ്രവത്തിയ്ക്കായി ഒരിനം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത (നിരക്ക്-1,49,175/-, 24.17% കുറവ്) ശ്രീ. ദിൻഷാദ് എന്ന കരാറുകരനുമായി കരാറിലേർപ്പെട്ടു (കരാർ നം.90/18-19/29.8.2018).

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

- അളവു പുസ്തകം നം. M/25/159 ൽ ഈ പ്രവൃത്തിയുടെ അളവു രേഖപ്പെടുത്തിയിരിക്കുന്നത് 19.05.2020 നാണ്. കരാറിലേർപ്പെട്ട് ഒന്നര വർഷത്തിലധികം കാലതാമസത്തോടെ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.
- പ്രവൃത്തിയുടെ വിസ്തൃതി കണക്കാക്കി കൊണ്ട് അസി. എഞ്ചിനീയർ തയ്യാറാക്കിയ പത്രിക ഫയലിലുണ്ടെങ്കിലും ലെവൽസ് രേഖപ്പെടുത്തിയ ലെവൽ ബുക്ക് ലഭ്യമല്ല. അതുകൊണ്ട തന്നെ ഇനിഷ്യൽ, ഫൈനൽ ലെവലുകൾ എന്നാണ് രേഖപ്പെടുത്തിയതെന്ന് വ്യക്തമല്ല.
- എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം റോഡ് പ്രവൃത്തിയിൽ സബ്ഗ്രേഡ് രൂപീകരണത്തിനായി ഉൾപ്പെടുത്തുന്ന ഐറ്റം 3.14 (Construction Of Subgrade And Earthen Shoulders) ആണ്. തുറന്ന സ്ഥലത്തെ ഫില്ലിംഗിനായി പ്രൈസിൽ ലഭ്യമായ ഐറ്റം 50.2.26.1 ഉപയോഗപ്പെടുത്തുന്നതിനു പകരം, വലിയ തോതിലുള്ള കോംപാക്ഷൻ ആവശ്യമായ (വാഹനങ്ങളുടെ ഭാരവും, വാഹനങ്ങൾ ഓടുമ്പോഴുണ്ടാകുന്ന പ്രകമ്പനങ്ങൾ ഉൾക്കൊള്ളും വിധം) റോഡ് പ്രവൃത്തിയുടെ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.
  - പ്രോജക്ട് രൂപീകരണ സമയം ഉണ്ടായിരുന്ന അസി. എഞ്ചിനീയർ തന്റെ ചുമതല അടുത്ത എഞ്ചിനീയർക്ക് കൈമാറുന്ന സമയത്ത് ഈ പ്രവൃത്തിയുടെ കരാർ പത്രത്തിലും, അളവു പുസ്തകത്തിലും (പേജ് 4) വൈകി പ്രവൃത്തി നടത്തിയതിനാൽ ബിൽ തുക നൽകുന്ന സമയം പിഴ ഈടാക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണവും വ്യക്തമല്ല.

മുകളിൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും, അപാകതകൾക്ക് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയതിൽ, പിഴ തുക ഈടാക്കാൻ വിട്ടു പോയതാണെന്നും ആയത് ഈടാക്കി അറിയിക്കുന്നതാണെന്നും, കളി സ്ഥലത്തിൽ മണ്ണ് ഓരോ ലെയർ ആയി കോമ്പാക്റ്റ് ചെയ്ത് ഉറപ്പുവരുത്തേണ്ടത് അനിവാര്യമായതിനാലാണ് പ്രസ്തുത ഇനം ഉൾപ്പെടുത്തിയത് എന്നുമാണ് വിവരിക്കുന്നത്.

കളി സ്ഥലത്തിന് റോഡ് പ്രവൃത്തികൾക്കാവശ്യമായ അളവിൽ കോമ്പാക്റ്റ് വേണമെന്ന വിശദീകരണം അംഗീകരിക്കാവുന്നതല്ല. കൂടാതെ ഐറ്റം 50.2.26.1 ന്റെ ഡാറ്റ പരിശോധിച്ചാൽ ഈ പ്രവൃത്തിയിൽ മണ്ണ് ലെയറുകളായി കോമ്പാക്റ്റ് ചെയ്യുന്നതിനുള്ള മനുഷ്യവിഭവം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് കാണാം. ഈ ഇനത്തിനേക്കാൾ കൂടുതൽ മനുഷ്യശേഷി ആവശ്യമാണെന്ന് ഉറപ്പുള്ള സംഗതികളിൽ ഇതുൾപ്പെടുത്തുന്നതിനായി ഒബ്സെർവ്ഡ് ഡാറ്റാ

തയ്യാറാക്കാമായിരുന്നു. മുകളിൽ വിവരിച്ച പ്രകാരം തുറന്ന സ്ഥലത്തെ ഫില്ലിംഗിനായി പ്രൈസിൽ ലഭ്യമായ ഐറ്റം 50.2.26.1 ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ 45,055/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ഐറ്റം 3.14 പ്രകാരം കോസ്റ്റ് ഇൻഡക്സ് 37.25% | | ഐറ്റം 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ നൽകേണ്ട തുക കോസ്റ്റ് ഇൻഡക്സ് 37.25% | |
|---|---|---|---|
| നിരക്ക് | 428.59 | നിരക്ക് | 299.14 |
| ടെണ്ടർ കുറവ് 24.17% | 325 | ടെണ്ടർ കുറവ് 24.17% | 226.84 |
| ചെയ്ത അളവ് | 459 | ചെയ്ത അളവ് | 459 |
| നൽകിയ തുക | 459 X 325 = 149175/- | നൽകാവുന്ന തുക | 459 X 226.84 = 104119.56 |
| അധികം നൽകിയത് | | | 45,055 |

മേൽ വിധം ഉണ്ടായ അധിക ചെലവ് തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കാലതാമസത്തോടെ പ്രവൃത്തി പൂർത്തീകരിച്ചതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-19 ആവശ്യകത മനസ്സിലാക്കാതെ പദ്ധതി രൂപീകരണവും നിർവ്വഹണവും - ഒരു റോഡിനായി രണ്ടു പദ്ധതികൾ

2019-20 വർഷത്തിൽ ബഹുവർഷ പദ്ധതിയായി രൂപീകരിച്ച പ്രോജക്ടാണ് തടപ്പറമ്പ് IHDP കോളനി റോഡ് നിർമ്മാണം. 2019-20 ൽ 150000/- രൂപയും, 2020-21 ൽ 100000/- രൂപയും തനതുഫണ്ട് അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ ചെയ്നേജ് 0/00 മുതൽ 0/95 വരെയുള്ള മണ്ണ് റോഡ് സബ്ഗ്രേഡ് നിർമ്മിച്ച് ടാർ ചെയ്യാനാണ് വിഭാവനം ചെയ്തത്. പദ്ധതി ടെണ്ടർ ചെയ്ത് ദിൻഷാദ് എം. കെ. എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ടു (നം. 130/19-20/19.11.19). പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങൾ താഴെ ചേർക്കുന്നു,

- 28.2.2020 ന് കുന്ദമംഗലം അസി. എക്സി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം പരിശോധിച്ചപ്പോൾ റോഡിന്റെ പ്രവൃത്തിയ്ക്ക് സംരക്ഷണഭിത്തി കെട്ടേണ്ടത് അത്യാവശ്യമാണെന്ന് വ്യക്തമായെന്നും, ആയതിനാൽ റോഡിന്റെ (ടാറിന്റെ) നീളം കുറച്ച് എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യേണ്ടതാണെന്നുംനഗരസഭാ എഞ്ചിനീയറുടെ ഫയൽകുറിപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പരിശോധനയ്ക്ക് വേണ്ടി വാർഡ് കൗൺസിലർ നൽകിയ കത്തും ഫയലിൽ ലഭ്യമാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16.3.20 ലെ കൗൺസിൽ തീരുമാനം 6 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകി.
- എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ നിലവിലുണ്ടായിരുന്ന ആറു ഐറ്റങ്ങളിൽ ഒന്നു മാത്രം നിലനിർത്തി (സബ്ഗ്രേഡ് നിർമ്മാണം) ബാക്കിയുള്ളവയെല്ലാം ഒഴിവാക്കുകയും, പകരം സൈഡ് കെട്ടിനായി നാല് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. അളവു പുസ്തക പ്രകാരം 27.5 മീറ്റർ നീളത്തിൽ മാത്രമാണ് സബ്ഗ്രേഡ് നിർമ്മാണം നടന്നിട്ടുള്ളത്.
- 2019 സെപ്റ്റംബർ മാസത്തിൽ കരാറിലേർപ്പെടുകയും, 2020 മാർച്ച് മാസം എസ്റ്റിമേറ്റ് പുതുക്കാൻ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടും പ്രവൃത്തി ആരംഭിക്കുന്നത് 2020 നവംബർ മാസത്തിൽ മാത്രമാണ്. ആയതിന്റെ കാരണം വ്യക്തമല്ല. ബിൽ തുക കരാറുകാരന് നൽകിയപ്പോൾ പിഴയും ഈടാക്കിയിട്ടില്ല.

2020-21 ൽ ഈ റോഡിന്റെ പ്രവൃത്തിയ്ക്കായി മറ്റൊരു പ്രോജക്ട് (പ്രോ.നം.79/21, അടങ്കൽ 2,00,000/-എസ്.സി.പി.ഫണ്ട്) തയ്യാറാക്കി നിർവ്വഹിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ചെയ്നേജ് 0/00 മുതൽ 0/79.5 വരെ നിലവിലുള്ള മണ്ണ് റോഡിന് സബ്ഗ്രേഡ് നിർമ്മാണവും, ടാറിംഗും ആണ് വിഭാവനം ചെയ്യുന്നത്. മുകളിൽ വിവരിച്ച ആദ്യ പ്രവൃത്തിയിൽ ഉൾപ്പെട്ട അതേ ചെയ്നേജിലാണ് ഈ പ്രവൃത്തിയും വിഭാവനം ചെയ്തു കാണുന്നത്. അളവു പുസ്തകങ്ങളിൽ ചെയ്നേജ് രേഖപ്പെടുത്താത്തതിനാൽ രണ്ടു പ്രവൃത്തികളിൽ സബ്ഗ്രേഡ് നിർമ്മാണത്തിൽ ഇരട്ടിപ്പ് വന്നോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിയ്ക്കായി എസ്.സി.പി. ഫണ്ട് വകയിരുത്തുന്നതിന് കുന്ദമംഗലം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ നൽകിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ "സുനിത തടപ്പറമ്പ് എന്നവരുടെ വീട് മുതൽ ജാനു തടപ്പറമ്പ് എന്നവരുടെ വീട് വരെ" എന്ന പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ഗുണഭോക്തൃ കുടുംബങ്ങളിൽ 50% പേർ പട്ടികജാതിക്കാരാണെന്നാണ് സാക്ഷ്യപ്പെടുത്തിയത്. അതായത് പ്രസ്തുത റോഡിന്റെ ഒരു ചെറിയ ഭാഗം മാത്രം പരിഗണിച്ച് ഗുണഭോക്താക്കൾ പട്ടികജാതിക്കാരാണെന്ന് കാണിച്ച് എസ്.സി.പി. ഫണ്ട് വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയ്ക്ക് എസ്.സി.പി. ഫണ്ട് വകയിരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാനും, സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ

ഈടാക്കാതിരുന്നതും, ആദ്യ എസ്റ്റിമേറ്റിൽ ശരിയായ സൈറ്റ് സ്ഥിതി/ആവശ്യകത മനസ്സിലാക്കാനാവാഞ്ഞതും എന്തുകൊണ്ടാണെന്നും വിശദീകരണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ ഇപ്രകാരം വിവരിക്കുന്നു. "എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയം കുറ്റിച്ചെടികളും പുല്ലും നിറഞ്ഞു നിന്നതിനാൽ സൈഡ് കെട്ടിന്റെ ആവശ്യകത മനസ്സിലായില്ല. കരാറുകാരനിൽ നിന്നും പിഴ ഈടാക്കി അറിയിക്കും. പട്ടികജാതി വികസന ഓഫീസർ നൽകിയ ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിലാണ് എസ്.സി.പി. ഫണ്ട് വകയിരുത്തിയത്. ആദ്യ പ്രവൃത്തിയിൽ ബാക്ക് ഫിൽ ചെയ്യാനും, രണ്ടാമത്തെ പ്രവൃത്തിയിൽ അൻഡുലേഷൻസ് ഒഴിവാക്കാനുമാണ് സബ്ഗ്രേഡ് ഐറ്റം ഉൾപ്പെടുത്തിയതെന്നതിനാൽ ഇരട്ടിപ്പ് വന്നിട്ടില്ല" എന്നുമാണ്.

സർക്കാർ ഉത്തരവ് (കൈ)നം.17/2018/ത.സ്വ.ഭ,വ., തിയ്യതി: 02.02.2018ലെ ഖണ്ഡിക 6.1.5.iii ലെ നിർദ്ദേശ പ്രകാരം പട്ടികജാതി കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും, കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ മാത്രമേ ഖണ്ഡിക 5(i), 5(ii) എന്നിവയിലെ നിബന്ധനകൾ പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം വകയിരുത്താവൂ. എന്നാൽ ഇവിടെ സർക്കാർ നിർദ്ദേശങ്ങളെ തെറ്റായ രീതിയിൽ (തെറ്റിധരിപ്പിച്ച്) മറികടക്കുന്നതിനാണ് ഇത്തരത്തിൽ ചെയ്തതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് പട്ടികജാതി ഉപപദ്ധതിവിഹിതത്തിന്റെ വകമാറ്റലായി കണക്കാക്കുന്നു.

പദ്ധതി രൂപീകരിക്കുന്ന സമയം/എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡിന്റെ അവസ്ഥയും, ആവശ്യകതയും മനസ്സിലാക്കാതെ രൂപീകരിച്ചതിനാലാണ് മേൽ വിവരിച്ച വിധത്തിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതും, മറ്റൊരു പദ്ധതി കൂടി തയ്യാറാക്കേണ്ടി വന്നതും. ശരിയായ സൈറ്റ് പരിശോധനയുടെ അഭാവം ഇവിടെ വ്യക്തമാണ്. അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തലുകൾ നടത്തുമ്പോൾ ചെയ്നേജ് കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്. പ്രവൃത്തികൾ യഥാസമയം ആരംഭിക്കുന്നുവെന്ന് സാങ്കേതിക ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പു വരുത്തേണ്ടതും പൂർത്തീകരത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി എസ്.സി.പി. ഫണ്ട് വകയിരുത്തുന്നത് തുടർ വർഷത്തിൽ പരിശോധനാ വിധേയമാക്കുന്നതാണ്. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി - ഫിഷറീസ് വകുപ്പിന്റെ സബ്സിഡി ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.457/21- വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി

അടങ്കൽ : 574000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

1148000/- (തനത് ഫണ്ട്)

ചെലവ് : 344500/- (ചെക്ക് നം. 510174/20.03.2021)

നിർവ്വഹണോദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പദ്ധതി നിർവ്വഹണത്തിൽ ഒരു യൂണിറ്റിന് 1,23,000/- രൂപയാണ് ചെലവ്. [മൊത്തം ചെലവിന്റെ 60%, (73,800/- രൂപ) ഗുണഭോക്തൃ വിഹിതവും 40% നഗരസഭാ സബ്സിഡിയും (32,800/-) ഫിഷറീസ് വകുപ്പ് സബ്സിഡിയും (16,400/-)] 11 ഗുണഭോക്താക്കൾക്ക് നഗരസഭാ തനത് ഫണ്ടിൽ നിന്നും ആകെ 3,44,500/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫിഷറീസ് വകുപ്പിന്റെ സബ്സിഡി തുക ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 16/17.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

1-21 തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകൾക്കായി മുൻകൂർ നൽകി - ക്രമീകരണ വിവരം ലഭ്യമല്ല

മുക്കം നഗരസഭയുടെ 2020 ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നീലേശ്വരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് ശ്രീ.പി.എം.കൃഷ്ണൻകുട്ടി, മുനിസിപ്പൽ എഞ്ചിനീയർക്ക് 10,000/- രൂപ മുൻകൂർ അനുവദിച്ചിരുന്നു (വൗച്ചർ നമ്പർ 22000924/30.12.2020, ചെക്ക് നമ്പർ 237223/2.12.2020). എന്നാൽ ഈ തുക നാളിതു വരെ ക്രമീകരിച്ചതായി കാണുന്നില്ല. ഈ മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 9/2020-21 തീയതി 16.5.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

1-22 വാട്ടർ കണക്ഷൺ - 10 കൊല്ലത്തെ വെള്ളക്കരക്കുടിശ്ശിക അടവാക്കി - വിശദ വിവരം ലഭ്യമല്ല.

മുക്കം നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ഉപഭോക്തൃ നമ്പർ MMM/452/N എന്ന കേരളാ വാട്ടർ അതോറിറ്റി വാട്ടർ കണക്ഷന്റെ 2011 ജനവരി മുതൽ 2020 ഫെബ്രുവരി വരെയുള്ള വെള്ളക്കരക്കുടിശ്ശിക ഇനത്തിൽ 43,097/- രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട് (വൗച്ചർ നമ്പർ 22000062/30.4.2020, ചെക്ക് നമ്പർ 945052/15.4.2020). 2011 ജനവരി മുതൽ ഇത്തരത്തിൽ വെള്ളക്കരമിനത്തിൽ കുടിശ്ശിക വരാനുണ്ടായ സാഹചര്യം, കേരളാ വാട്ടർ അതോറിറ്റി കുടിശ്ശിക തുക കണക്കാക്കിയതിന്റെ വിശദ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ

8/2020-21 തീയതി 16.5.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 43,097/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

1-23 സ്വച്ഛ് ഭാരത് പദ്ധതി പ്രകാരം ശുചിത്വ ടോയലറ്റ് - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് തുക അനുവദിച്ചു

പ്രോജക്ട് നം. SO434/21 – ശുചിത്വ ടോയ്‌ലെറ്റ്

അടങ്കൽ : 308000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

154000/- (തനത് ഫണ്ട്)

ചെലവ്: 19400/- (ബിൽ നം. 1/10.11.2020 – രൂ.4000/-)

(ബിൽ നം. 2/10.11.2020 – രൂ.15400/-)

മേൽ പ്രോജക്ട് പ്രകാരം ശുചിത്വ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി നൽകുന്ന വ്യക്തിഗത ആനുകൂല്യം 15,400/- രൂപയാണ്. എന്നാൽ മേൽപ്പറഞ്ഞ ബിൽ നം. 1/10.11.2020 പ്രകാരം ശ്രീമതി.ആമിന എന്നയാൾക്ക് 4,000/- രൂപ മാറി നല്കിയിരിക്കുന്നു. പ്രസ്തുത വ്യക്തി ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ആയതിന് വിശദീകരണം നല്കുന്നതിനോടോപ്പം പദ്ധതി പ്രകാരം വകയിരുത്തിയ ഫണ്ടുകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/10.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 4,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-24 സ്വച്ഛ് ഭാരത് - ബയോഗ്യാസ് പ്ലാന്റ് - എസ്. സി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. S/O430/21 - ബയോഗ്യാസ് പ്ലാന്റ് - എസ്. സി

അടങ്കൽ : 652550/- ( 236250/- കേന്ദ്രാവിഷ്കൃത ഫണ്ട്

314550/- സംസ്ഥാനാവിഷ്കൃത ഫണ്ട്

101750/- ഗുണഭോക്തൃവിഹിതം)

ചെലവ് : 180000/- (ചെക്ക് നം.1839/08.01.2021 )

നിർവ്വഹണോദ്യോഗസ്ഥൻ : ഹെൽത്ത് ഓഫീസർ

സ്വച്ഛ് ഭാരത് ഡി. പി. ആർ - ൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 100 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് നല്കുന്നതാണ് പദ്ധതി (156/19-20). 35% കേന്ദ്രാവിഷ്കൃത ഫണ്ടും 23.3% സംസ്ഥാനാവിഷ്കൃത ഫണ്ടും 41.7% നഗരസഭ/ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു ക്യൂബിക് മീറ്റർ കപ്പാസിറ്റിയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റിന് 13,500/- രൂപ മതിപ്പ് വില കണക്കാക്കിയിരിക്കുന്നു. സ.ഉ. നം. സാധാ.2303/2015, തീ. 27.07.2015 പ്രകാരം ഐ.ആർ.ടി.സിയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതി ഉത്തരവ് നല്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് കോഴിക്കോട് ജില്ലാ ശുചിത്വമിഷന്റെ നം. ഡി.എസ്സ്.എം/കെ.കെ.ഡി/ടി.എസ്1/ 1/2019; തീ. /11/2019 പ്രകാരം സാങ്കേതികാനുമതിയും മുക്കം നഗരസഭാ ഭരണസമിതിയുടെ തീരുമാനം നം. /17.12.2018 പ്രകാരം ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. നം. എച്ച്.1/9010/19; തീ.30.11.2019 പ്രകാരം ഐ.ആർ.ടി.സിയ്ക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. പ്ലാന്റ് സപ്ലൈയുമായി ബന്ധപ്പെട്ട് ഐ.ആർ.ടി.സി യുടെ ഇൻവോയ്സുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടറും ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുമായി ഉണ്ടാക്കിയ ധാരണാപത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. ധാരണാപത്രത്തിലെ വ്യവസ്ഥ 8 പ്രകാരം സ.ഉ. നം. (കൈ)239/2012/ത.സ്വ.ഭ.വ; തീ.20.09.2012- ലെ വ്യവസ്ഥകൾക്ക് വിധേയമായി പ്ലാന്റ് സ്ഥാപിച്ചതിന് ശേഷം ഒരു വർഷത്തേക്കുള്ള തുടർ സേവനം ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് നൽകുന്നതായിരിക്കും. എന്ത് തുടർ സേവനം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമല്ല.

4. മുനിസിപ്പൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

5. പൂർത്തീകരണ സാക്ഷ്യപത്രമോ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല.

6. ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. പദ്ധതി പ്രകാരം വകയിരുത്തിയ ഫണ്ടുകളിൽ ഓരോന്നും എത്ര ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2/10.05.2022-ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കപ്പെടേണ്ടതാണ്.

1-25 ശുചിത്വ സാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക് എൻട്രി വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം. 243/21 – ശുചിത്വ സാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ : 149208/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: 137214/- (ബിൽ നം.5/16.11.2020 – രൂ.77765/-)

(ബിൽ നം.6/16.11.2020 – രൂ.59449/-)

നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രോജക്ട്. നഗരസഭാ കൗൺസിൽ തീരുമാനം നം.3/04.11.2020 പ്രകാരം സപ്ലൈയർ ആയി തെരെഞ്ഞെടുത്ത ഹെഡ്‌കോ, മലബാർ ആർകേഡ്, പന്തീരാങ്കാവ് എന്ന സ്ഥാപനത്തിന് എച്ച് 1-10707; തീയതി 25.11.2020 നം. സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ഇൻവോയിസ് നം. H000023/04.12.2020, H000025/21.12.2020 എന്നിവ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു :

1. 25.11.2020 നൽകിയ സപ്ലൈഓർഡർ പ്രകാരം 04.12.2020, 21.12.2020 എന്നീ തീയതികളിൽ മാത്രം വിതരണം ചെയ്ത സാധനങ്ങൾക്ക് 16.11.2020-ന് തുക മാറി നൽകിയിട്ടുണ്ട്.

2. ചെലവ് തുക മാറി നല്കിയതിനുള്ള പ്രൊസീഡിംഗ്സ്, ട്രഷറി ബില്ല് എന്നിവ ഫയലിൽ ലഭ്യമല്ല.

3. സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റേയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യമാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 20/17.05.2022-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-26 പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രോജക്ട് നം.12/21- ഭവന പുനരുദ്ധാരണം (എസ്.സി)

അടങ്കൽ : 3000000/- (വികസന ഫണ്ട്-എസ്.സി.പി)

1500000/- (തനത് ഫണ്ട്)

ചെലവ് : 150000/- (ബിൽ നം.6/19.05.2020)

നിർവ്വഹണോദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അപാകതകൾ :

(I) പദ്ധതി നിർവ്വഹണത്തിനായി വികസന ഫണ്ടിൽ നിന്നും 3000000/- രൂപ വകയിരുത്തിയിട്ട് ആകെ 2 ഗുണഭോക്താക്കൾക്കായി 150000/- രൂപ മാത്രമാണ് ചെലവഴിച്ചത്. 2850000/- രൂപ ഈ ഇനത്തിൽ ലാപ്സായിട്ടുണ്ട്.

(Ii) 15-ാംവാർഡിലെ ഗുണഭോക്താവായ ശ്രീ.ഭാസ്കരനുമായി ചമച്ച കരാറിൽ ഒന്നാം കക്ഷിയായ ശ്രീ. ഭാസ്കരൻ, രണ്ടാം കക്ഷിയായ പ്രോജക്ട് ഓഫീസർ, സാക്ഷികൾ എന്നിവർ ഒപ്പിട്ടിട്ടില്ല. ആയതിനാൽ ഇതിനെ കരാറായി പരിഗണിക്കാനാവില്ല.

(Iii) 10-ാം വാർഡിലെ ഗുണഭോക്താവായ ശ്രീമതി. വൽസലയുമായി ചമച്ച കരാറിൽ രണ്ടാം കക്ഷിയായ പ്രോജക്ട് ഓഫീസർ, സാക്ഷികൾ എന്നിവർ ഒപ്പിട്ടിട്ടില്ല.

2) പ്രോജക്ട് നം.11/21- വിവാഹ ധനസഹായം (എസ്.സി)

അടങ്കൽ : 2225000/- (വികസന ഫണ്ട്-എസ്.സി.പി)

400000/- (തനത് ഫണ്ട്)

ചെലവ് : 975000/-(ബിൽ നം.5/19.08.2020-രൂ.150000

ബിൽ നം.7/19.08.2020-രൂ.225000

ബിൽ നം.1/22.10.2020-രൂ.75000

ബിൽ നം.2/27.10.2020-രൂ.150000

ബിൽ നം.3/13.11.2020-രൂ.150000

ബിൽ നം.4/13.11.2020-രൂ.75000

ബിൽ നം.8/16.02.2021-രൂ.150000

നിർവ്വഹണോദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അപാകതകൾ :

(I) പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 13 എസ്.സി ഗുണഭോക്താക്കൾക്കായി 975000/- രൂപ ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ വികസന ഫണ്ടിൽ നിന്നും പദ്ധതിക്കായി നീക്കിവച്ച തുകയിൽ നിന്നും 1250000/- രൂപ നഷ്ടമായിട്ടുണ്ട്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15/17.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-27 ടെണ്ടർ ഫോറം വിൽപ്പനയിലെ അപാകതകൾ

1. ടെന്റർ ഫോറം ഫീ സ്വീകരിക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ക്ലർക്ക് ശ്രീ.ഇ.രാജേഷിന് 15/07/2020ൽ 291 നമ്പർ രസീതി ബുക്ക് അനുവദിച്ച് നൽകി. എന്നാൽ ടിയാൾ

ടെൻഡർ ഫോറം ഫീ പിരിച്ചതിന് കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ടെൻഡർ ഫോറം സ്റ്റോക്കിലെടുക്കുന്നില്ല. ടെൻഡർ ഫോറം സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്യാത്തതിനാൽ എത്ര പേർ ടെൻഡറിൽ പങ്കെടുത്തുവെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. ടെൻഡർ നടപടിക്രമങ്ങൾ സുതാര്യവും കുറ്റമറ്റതുമാക്കേണ്ടതാണ്.

3. പ്രോജക്റ്റ് നം. 393/21 - ന്റെ ഫയൽ - പരിശോധിച്ചതിൽ ടെൻഡർ ഫോറം വിവിധ തരത്തിലുള്ളവ കാണാനിടയായി. ഇതിൽ ഫോട്ടോകോപ്പികളും ഉണ്ട്. ടെൻഡർ ഫോറം സ്റ്റോക്കിലെടുക്കാത്തതിനാൽ ഫോറം ഫോട്ടോകോപ്പി എടുക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

4. ടെൻഡർ ഫോറത്തിൽ അവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. പ്രൊജക്റ്റ് നം. 393/21 - ന്റെ ഫയലിലെ ടെൻഡർ ഫോറത്തിൽ തീയതി, പ്രവൃത്തിയുടെ പേര്, ടെൻഡർ വിളിക്കുന്നയാളുടെ പേര് എന്നിവ രേഖപ്പെടുത്താത്തതായും ശ്രദ്ധയിൽപ്പെട്ടു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-28 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

(1) പ്രോജക്റ്റ് നം. 16/21 – ഹൈമാസ്റ്റ് ലൈറ്റുകൾ എൽ.ഇ.ഡി ആക്കൽ

അടങ്കൽ : 240000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: 240000/- (ബിൽ നം.36/12.11.2020 – രൂ.240000/-)

മുക്കം ബസ്സ്റ്റാന്റ്, അഗസ്ത്യൻമുഴി, നീലേശ്വരം എന്നിവിടങ്ങളിലെ ലൈറ്റുകൾ മാറ്റി പുതിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ്. മുനിസിപ്പൽ കമ്മിറ്റി തീരുമാനം നം.13/08.09.2020 പ്രകാരം പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ അന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി സമർപ്പിച്ച 240000/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ചു. സപ്ലൈ ഓർഡർ നം. എ2-7733/2020; തീയതി 08.09.2020 മുഖാന്തിരം ടി കമ്പനിയെ പ്രവൃത്തി ഏൽപ്പിച്ചു. 28.09.2020-ൽ കരാറിൽ ഏർപ്പെട്ടു.

പ്രവൃത്തി നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

(2) പ്രോജക്റ്റ് നം.362/21 – ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ : 688000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: 688000/- (ബിൽ നം.5/29.05.2020 – രൂ.380478/-

ബിൽ നം.6/29.05.2020 – രൂ.242122/-

ബിൽ നം.7/29.05.2020 – രൂ.65400/-

നഗരസഭയിലെ നീലേശ്വരം അങ്ങാടി, ആലിൻതറ അങ്ങാടി, പൊയിൽ അങ്ങാടി, വെസ്റ്റ് ചേന്ദമംഗല്ലൂർ എന്നിവിടങ്ങളിൽ ലോ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ :

(I) പ്രവൃത്തി നടത്തിയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

(Ii) ഭരണസമിതി തീരുമാനം, സപ്ലൈ ഓർഡർ, എഗ്രിമെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(Iii) പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 26/18.05.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

മുക്കം നഗരസഭയിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉടമയുടെ മേൽവിലാസം | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2/20/A | ജയകുമാർ. ടി. എൻ | എസന്റ് ടെലികോം ഇൻഫ്രാസ്ടക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 10,850 |
| 2 | 4/367/ | ഷൈജു. ടി. | മേനേജർ | 75,802 |

| | | | | |
|---|---|---|---|---|
| | | നായർ | വോഡഫോൺ | |
| 3 | 11/372/A | ഭാരതി ഇൻഫ്രാടെക് ലിമിറ്റഡ് | | 34,020 |
| 4 | 12/155/A | സബ് ഡിവിഷനൽ എഞ്ചിനീയർ | ബി.എസ്. എൻ.എൽ കോംപ്ലക്സ് | 68,040 |
| 5 | 12/165/A | ഭാരതി എയർടെൽ ലിമിറ്റഡ് | എൻ. എച്ച്. ബൈപാസ് ജംഗ്ഷൻ | 72,952 |
| 6 | 12/165/B | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | എ.ആർ.പി. ആർക്കേഡ് | 72,952 |
| 7 | 13/180/A | മേനേജർ ഐഡിയ മൊബൈൽ | ഐഡിയ മൊബൈൽ ലിമിറ്റഡ് | 72,765 |
| 8 | 13/180/B | മേനേജർ ഐഡിയ മൊബൈൽ | മേഴ്സി എസ്റ്റേറ്റ് രവിപുരം കൊച്ചിൻ | 70,880 |
| 9 | 14/375/A | വി. ഡി. സുദേവൻ | മേനേജർ WTTIL 5 Th ഫ്ലോർ | 82,687 |
| 10 | 14/971/ | സർക്കിൾ ഹെഡ് ഇൻഡ്യ ടെലെകോം ഇൻഫ്രാ ലിമിറ്റഡ് | 7ബി വെസ്റ്റ് വാലി സ്ട്രീറ്റ് | 82,687 |
| 11 | 14/1123/A | മേനേജർ | എസ്. എ. | 79,965 |

| | | | | |
|---|---|---|---|---|
| | | റിലയൻസ് ഇൻഫോ കോം | റോഡ് | |
| | | | ആകെ | 7,23,600 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/2020-21 തീയതി 18.5.2022 ന് മറുപടി സമർപ്പിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെ ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതി 7,23,600/- രൂപ മൊബൈൽ ടവറുകളുടെ ഉടമകളിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

2-2 മുഴുവൻ വിസ്തൃതിയ്ക്കും നികുതി നിർണ്ണയിച്ചില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (പി) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. മേൽ ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണയിക്കേണ്ടതാണ്. തൻ വർഷം നികുതി കണക്കാക്കിയ കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണത്തിന് ആനുപാതികമായി നികുതി നിർണയിച്ചിട്ടില്ല എന്ന് കണ്ടെത്തി.

ഫയൽ നം. A4/6607/2021

കെട്ടിട നമ്പർ – 14/63 A To A6

ഉടമസ്ഥന്റെ പേര്, വിലാസം - മർജാൻമോയി, എടച്ചേരി പാലിയിൽ, കാരശ്ശേരി, മുക്കം

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം

അടിസ്ഥാന നികുതി - 85 രൂപ

ഈ കെട്ടിടത്തിന്റെ സെല്ലാർ നില പൂർണ്ണമായും പാർക്കിംഗിനായി ഉപയോഗപ്പെടുത്തുന്നതായാണ് പ്ലാനിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഈ വിസ്തൃതി (756.19 ച. മീ) വസ്തു നികുതി നിർണ്ണയിച്ചപ്പോൾ ചട്ടം 3 (4) പ്രകാരം (പൊതു ആവശ്യത്തിനുള്ള വിസ്തൃതി മറ്റു ഭാഗങ്ങളോട് ആനുപാതികമായി കൂട്ടിച്ചേർക്കണമെന്ന വ്യവസ്ഥ) മറ്റു നിലകളോട് കൂട്ടിച്ചേർത്ത് വിസ്തൃതി കണക്കാക്കിയിട്ടില്ല. ഇതു മൂലം നികുതി നിർണ്ണയിച്ചപ്പോൾ കുറവുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ആകെ തറ വിസ്തൃതി പ്ലാനിൽ രേഖപ്പെടുത്തിയത് (Plinth Area) ച. മീ | നികുതി കണക്കാക്കേണ്ട തറ വിസ്തൃതി ച. മീ | നികുതി ഈടാക്കാത്ത തറ വിസ്തൃതി ച. മീ | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) |
|---|---|---|---|
| Cellar-84.04<br>Ground Floor-756.19 | Cellar-756.19<br>Ground | Cellar-756.19-84.04 = 672.15 | (വഴി സൗകര്യം 20% വർദ്ധനവ്)<br>672.15 *85=57132.75 |

| | | | | |
|---|---|---|---|---|
| | First Floor-767.15 Stair Case-57.04 Total-1644.42 | Floor-756.19 First Floor-767.15 Stair Case-57.04 Total-2336.57 | | വഴി സൗകര്യം 20%വർദ്ധനവ് 57132.75+11426.55 = 68559.3 68559.3+library Cess 5%= 71987.2 71,988 രൂപ വാർഷിക വസ്തുനികുതി നഷ്ടം |

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ട പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർ പോർച്ച് സ്ഥലം മാത്രമാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്. വാണിജ്യ കെട്ടിടങ്ങൾക്ക് പാർക്കിംഗിന് വേണ്ടി നിലകൾ പണിയുമ്പോൾ പ്രസ്തുത ഏരിയ, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഏരിയയ്ക്ക് അനുപാതികമായി വീതിച്ച് നൽകണമെന്ന വസ്തുത പരിഗണിയ്ക്കാതെ നികുതി നിർണയിച്ചതിനാലാണ് നികുതി ചോർച്ച സംഭവിച്ചത്. മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം ഉൾപ്പെടുത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മുനിസിപ്പൽ കംഫർട്ട് സ്റ്റേഷൻ നവീകരണം, 316/21

അടങ്കൽ : 7,00,000/- തനതുഫണ്ട്

ചെലവ് : 402696/- (വൗ.നം.22000866/13.11.20)

മുനിസിപ്പൽ ഓഫീസിനും, ബസ്സ്റ്റാന്റിനും സമീപം നിലവിലുള്ള കംഫർട്ട് സ്റ്റേഷനും, മുനിസിപ്പൽ ഓഫീസ് കെട്ടിടത്തിലെ ടോയ്‌ലെറ്റുകൾക്കും പുതിയൊരു സെപ്റ്റിക് ടാങ്കും, സോക്ക് പിറ്റും നിർമ്മിക്കുന്നതിനാണ് ഈ പ്രോജക്ട്. സെപ്റ്റിക് ടാങ്കിനും, സോക് പിറ്റിനുമായി കുഴിയെടുക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 2.8.1 ആണ്. ഈയിനത്തിന്റെ വിവരണം

പരിശോധിച്ചാൽ ഒന്നര മീറ്ററിൽ താഴെ വീതിയുള്ള ഫൗണ്ടേഷൻ/ട്രഞ്ചസിനായി മണ്ണെടുക്കുന്നതിനുള്ള ഇനമാണിതമെന്ന് കാണാം. എന്നാൽ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും, അളവു പുസ്തകവും പരിശോധിച്ചാൽ ചെയ്ത പ്രവൃത്തി രണ്ട് മീറ്ററിൽ കൂടുതൽ വീതിയിലാണ് നടത്തിയതെന്ന് മനസ്സിലാകുന്നു. ഈയിനത്തിന് യഥാർത്ഥത്തിൽ DAR ലെ ഐറ്റം 2.6.1 ഉൾപ്പെടുത്തിയാൽ മതിയായിരുന്നെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മണ്ണ് പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയതിനാൽ നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം 2.8.1 പ്രകാരം നൽകിയ തുക | ഇനം 2.6.1 പ്രകാരം വേണ്ടി വരുന്ന തുക | അധിക ചെലവ് |
|---|---|---|
| സെപ്റ്റിക് ടാങ്ക്<br>4.9 X 2 X 3.1 =30.38m3<br>@218.08 = 6625.27 | സെപ്റ്റിക് ടാങ്ക്<br>4.9 X 2 X 3.1 =30.38m3<br>@165.07 = 5014.83 | 1,610.44 |
| സോക് പിറ്റ്<br>4 X4 X 0.3 = 4.8<br>4.4 X 4.4 X 2.15 = 41.62<br>46.42<br>@218.08 = 10123.27 | സോക് പിറ്റ്<br>4 X4 X 0.3 = 4.8<br>4.4 X 4.4 X 2.15 = 41.62<br>46.42<br>@165.07 = 7662.55 | 2,460.72 |
| ആകെ | | 4,071 |

മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം ഉൾപ്പെടുത്തിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി, "ഐറ്റം തെരെഞ്ഞെടുത്തപ്പോൾ സ്പെസിഫിക്കേഷൻ ശ്രദ്ധിക്കാതെ പോയതാണ് തെറ്റ് സംഭവിക്കുന്നതിന് കാരണമായതെന്നാ"ണ് . ഇപ്രകാരമുള്ള അശ്രദ്ധ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ഗ്രൗണ്ട് നവീകരണത്തിന് റോഡ് പ്രവൃത്തിയുടെ ഇനം ഉൾപ്പെടുത്തി - അധിക ചെലവുണ്ടായി - പിഴ ഈടാക്കിയില്ല

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മംഗലശ്ശേരി ഗ്രൗണ്ട് നവീകരണം, 253/21

അടങ്കൽ : 2,00,000/- തനതുഫണ്ട്

ചെലവ് : 1,49,175/- (വൗ.നം.22001261/5.2.21)

2018-19 വർഷത്തിൽ രൂപീകരിച്ചതാണ് ഈ പ്രോജക്ട്. ഫില്ലിംഗ് പ്രവൃത്തിയ്ക്കായി ഒരിനം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത (നിരക്ക് - 1,49,175/-, 24.17% കുറവ്) ശ്രീ.ദിൻഷാദ് എന്ന കരാറുകരനുമായി കരാറിലേർപ്പെട്ടു (കരാർ നം. 90/18-19 /29.8.2018). ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

- അളവു പുസ്തകം നം. M/25/159 ൽ ഈ പ്രവൃത്തിയുടെ അളവു രേഖപ്പെടുത്തിയിരിക്കുന്നത് 19.05.2020 നാണ്. കരാറിലേർപ്പെട്ട് ഒന്നര വർഷത്തിലധികം കാലതാമസത്തോടെ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.
- പ്രവൃത്തിയുടെ വിസ്തൃതി കണക്കാക്കി കൊണ്ട് അസി. എഞ്ചിനീയർ തയ്യാറാക്കിയ പത്രിക ഫയലിലുണ്ടെങ്കിലും ലെവൽസ് രേഖപ്പെടുത്തിയ ലെവൽ ബുക്ക് ലഭ്യമല്ല. അതുകൊണ്ടു തന്നെ ഇനിഷ്യൽ, ഫൈനൽ ലെവലുകൾ എന്നാണ് രേഖപ്പെടുത്തിയതെന്ന് വ്യക്തമല്ല.
- എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം റോഡ് പ്രവൃത്തിയിൽ സബ്ഗ്രേഡ് രൂപീകരണത്തിനായി ഉൾപ്പെടുത്തുന്ന ഐറ്റം 3.14 (Construction Of Subgrade And Earthen Shoulders) ആണ്. തുറന്ന സ്ഥലത്തെ ഫില്ലിംഗിനായി പ്രൈസിൽ ലഭ്യമായ ഐറ്റം 50.2.26.1 ഉപയോഗപ്പെടുത്തുന്നതിനു പകരം, വലിയ തോതിലുള്ള കോംപാക്ഷൻ ആവശ്യമായ (വാഹനങ്ങളുടെ ഭാരവും, വാഹനങ്ങൾ ഓടുമ്പോഴുണ്ടാകുന്ന പ്രകമ്പനങ്ങൾ ഉൾക്കൊള്ളും വിധം) റോഡ് പ്രവൃത്തിയുടെ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.
    - പ്രോജക്ട് രൂപീകരണ സമയം ഉണ്ടായിരുന്ന അസി. എഞ്ചിനീയർ തന്റെ ചുമതല അടുത്ത എഞ്ചിനീയർക്ക് കൈമാറുന്ന സമയത്ത് ഈ പ്രവൃത്തിയുടെ കരാർ പത്രത്തിലും, അളവു പുസ്തകത്തിലും (പേജ് 4) വൈകി പ്രവൃത്തി നടത്തിയതിനാൽ ബിൽ തുക നൽകുന്ന സമയം പിഴ ഈടാക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണവും വ്യക്തമല്ല.

മുകളിൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും, അപാകതകൾക്ക് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയതിൽ, പിഴ തുക ഈടാക്കാൻ വിട്ടു പോയതാണെന്നും ആയത് ഈടാക്കി അറിയിക്കുന്നതാണെന്നും, കളി സ്ഥലത്തിൽ മണ്ണ് ഓരോ ലെയർ ആയി കോമ്പാക്റ്റ് ചെയ്ത് ഉറപ്പുവരുത്തേണ്ടത്

അനിവാര്യമായതിനാലാണ് പ്രസ്തുത ഇനം ഉൾപ്പെടുത്തിയത് എന്നുമാണ് വിവരിക്കുന്നത്.

കളി സ്ഥലത്തിന് റോഡ് പ്രവൃത്തികൾക്കാവശ്യമായ അളവിൽ കോംപാക്ഷൻ വേണമെന്ന വിശദീകരണം അംഗീകരിക്കാവുന്നതല്ല. കൂടാതെ ഐറ്റം 50.2.26.1 ന്റെ ഡാറ്റ പരിശോധിച്ചാൽ ഈ പ്രവൃത്തിയിൽ മണ്ണ് ലെയറുകളായി കോമ്പാക്റ്റ് ചെയ്യുന്നതിനുള്ള മനുഷ്യവിഭവം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് കാണാം. ഈ ഇനത്തിനേക്കാൾ കൂടുതൽ മനുഷ്യശേഷി ആവശ്യമാണെന്ന് ഉറപ്പുള്ള സംഗതികളിൽ ഇതുൾപ്പെടുത്തുന്നതിനായി ഒബ്സെർവ്ഡ് ഡാറ്റാ തയ്യാറാക്കാമായിരുന്നു. മുകളിൽ വിവരിച്ച പ്രകാരം തുറന്ന സ്ഥലത്തെ ഫില്ലിംഗിനായി പ്രൈസിൽ ലഭ്യമായ ഐറ്റം 50.2.26.1 ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ 45,055/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഐറ്റം 3.14 പ്രകാരം കോസ്റ്റ് ഇൻഡക്സ് 37.25% | | ഐറ്റം 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ നൽകേണ്ട തുക കോസ്റ്റ് ഇൻഡക്സ് 37.25% | |
|---|---|---|---|
| നിരക്ക് | 428.59 | നിരക്ക് | 299.14 |
| ടെണ്ടർ കുറവ് 24.17% | 325 | ടെണ്ടർ കുറവ് 24.17% | 226.84 |
| ചെയ്ത അളവ് | 459 | ചെയ്ത അളവ് | 459 |
| നൽകിയ തുക | 459 X 325 = 149175/- | നൽകാവുന്ന തുക | 459 X 226.84 = 104119.56 |
| അധികം നൽകിയത് | | | 45,055 |

മേൽ വിധം ഉണ്ടായ അധിക ചെലവ് തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കാലതാമസത്തോടെ പ്രവൃത്തി പൂർത്തീകരിച്ചതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 പ്രവൃത്തിയും പ്രവൃത്തി സ്ഥലവും മാറ്റിയിട്ടും കരാർ റദ്ദാക്കാതെ നിർവ്വഹണം നടത്തി - നഗരസഭാ ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മുക്കം ടൗൺ ഫുട്പാത്ത് നവീകരണം, 228/21

അടങ്കൽ : 14,00,000/- സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് : 13,08,559/- ബിൽ നമ്പർ 32/20-21/6.3.21

മുക്കം മെയിൻ റോഡിൽ അഭിലാഷ് ജംങ്ഷൻ, പി.സി ജംങ്ഷൻ എന്നിവിടങ്ങളിൽ നിന്നും ബസ്സ്റ്റാന്റിലേയ്ക്കുള്ള നടപ്പാതയുടെ ഇന്റർലോക്ക് പ്രവൃത്തിയും, ഹാന്റ് റെയിൽ നിർമ്മാണവുമാണ് ഈ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നത്. ഇതിനായി ഇ-ടെണ്ടർ നടത്തി ഷാൻറസാക്ക് എന്നയാളുമായി 28.7.2020 ന് കരാറിലേർപ്പെട്ടു (5.33% ടെണ്ടർ കുറവ്). എന്നാൽ 6.2.21 ലെ കൗൺസിൽ തീരുമാനം 10 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി മറ്റൊരു റോഡ് കോൺക്രീറ്റ് ചെയ്യുകയാണുണ്ടായത്. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണം രേഖപ്പെടുത്തിയത് ഇപ്രകാരമാണ്, പ്രവൃത്തി നടത്താനുദ്ദേശിച്ചിരുന്ന സ്ഥലം "ബ്യൂട്ടിഫിക്കേഷൻ ഓഫ് മുക്കം ടൗൺ" എന്ന പി.ഡബ്ല്യു.ഡി. നടപ്പാക്കുന്ന പദ്ധതിയിൽപ്പെട്ടിട്ടുണ്ടെന്നും അതുകൊണ്ട് ഈ ഫണ്ട് മാർക്കറ്റ് റോഡ് നവീകരിക്കാൻ (മാർക്കറ്റ് ജംങ്ഷൻ മുതൽ അരീക്കോട് സ്റ്റാന്റ് വരെ കോൺക്രീറ്റ് ചെയ്യാൻ) എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്.

ഇതു പ്രകാരം മാർക്കറ്റ് റോഡിന്റെ നിർമ്മാണം നടത്തുകയും, തുക കരാറുകാരന് നൽകുകയും ചെയ്തു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

- വിഭാവനം ചെയ്ത പ്രവൃത്തിയിൽ പൂർണ്ണമായും മാറ്റമുണ്ടായിട്ടും (പ്രവൃത്തി സ്ഥലവും, പ്രവൃത്തിയുടെ സ്വഭാവവും) കരാർ റദ്ദ് ചെയ്യാതെ/പ്രോജക്ട് ഒഴിവാക്കാതെ അതേ കരാറുകാരനെ കൊണ്ട് നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- നഗരസഭയുടെ 2020-21 ലെ അന്തിമ പദ്ധതി രേഖയിൽ മുക്കം ടൗൺ ഫുട്പാത്ത് നവീകരണം എന്ന പദ്ധതിയല്ലാതെ മാർക്കറ്റ് റോഡ് പുനരുദ്ധാരണത്തിനായി പദ്ധതികളൊന്നും രൂപീകരിച്ചിരുന്നില്ലെന്ന് വ്യക്തമാകുന്നു. ജില്ലാ ആസൂത്രണ ബോർഡിന്റെ അംഗീകാരം വാങ്ങിയതും നടപ്പാത നിർമ്മാണത്തിനാണ്. ഇവയൊന്നും കണക്കാക്കാതെ പദ്ധതിരേഖയിലില്ലാത്ത ഒരു പദ്ധതി അംഗീകാരം വാങ്ങിയ മറ്റൊരു പ്രവൃത്തിയുടെ പേരിൽ നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം പൂർത്തീകരണ തിയ്യതി 3.2.2021 ആണ്. അളവു പുസ്തകത്തിലും ഇതേ തിയ്യതിയിൽ പ്രവൃത്തി പൂർത്തീകരിച്ചത് വ്യക്തമാണ്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിൽ തീരുമാനമാകുന്നത് 6.2.2021 നാണ്. അതായത് പ്രവൃത്തി പൂർത്തീകരണശേഷമാണ് എസ്റ്റിമേറ്റ് പുതുക്കിയത് അല്ലെങ്കിൽ പൂർത്തീകരിച്ച പ്രവൃത്തിക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി. ഈ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
- തൻവർഷം നഗരസഭയിൽ നിർവ്വഹണം നടത്തിയ വിവിധ റോഡുകളുടെ കോൺക്രീറ്റ്

പ്രവൃത്തികളുടെ ടെണ്ടർ വിശദാംശം പരിശോധിച്ചാൽ മുഴുവൻ പ്രവൃത്തികളും ശരാശരി 23% ടെണ്ടർ കുറവിലാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആദ്യ ടെണ്ടർ റദ്ദാക്കി/പ്രോജക്ട് ഒഴിവാക്കി പുതിയ പദ്ധതിയായി നിർവ്വഹണം നടത്തിയിരുന്നെങ്കിൽ ഈ പ്രോജക്ടിനും ഇത്തരത്തിലുള്ള ടെണ്ടർ കുറവ് നഗരസഭയ്ക്ക് ഉറപ്പാക്കാമായിരുന്നു. ഇന്റർലോക്ക് പ്രവൃത്തിയ്ക്കായി ലഭിച്ച 5.33% ടെണ്ടർ കുറവിലാണ് ഈ പദ്ധതി നടപ്പാക്കിയത്. മറ്റു കോൺക്രീറ്റ് പ്രവൃത്തികൾക്ക് ലഭിച്ച 23% ടെണ്ടർ കുറവ് ഈ പ്രവൃത്തിയ്ക്ക് ലഭിച്ചിരുന്നെങ്കിൽ ഏകദേശം 2,28,998/- രൂപയുടെ (ആകെ ചെലവ് 13,08,559/- രൂപയുടെ 17.5% = 2,28,998/-) ലാഭം നഗരസഭയ്ക്ക് ഉറപ്പാക്കാമായിരുന്നു. നഗരസഭയുടെ സാമ്പത്തിക താൽപര്യം ഉറപ്പാക്കുന്ന ഇടപെടൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ, കൗൺസിലിന്റെയോ ഭാഗത്തുനിന്ന് ഉണ്ടായില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. ഈ മറുപടിയിൽ വിശദീകരിക്കുന്നത് ആദ്യം പ്രവത്തി നടത്താനുദ്ദേശിച്ചിരുന്ന ഭാഗത്ത് പി.ഡബ്ല്യു.ഡി. മുഖേന പ്രവൃത്തി നടത്തുന്ന വിവരം അറിഞ്ഞതിനാൽ ഇതേ റോഡിന്റെ ഒരു ഭാഗമായ മാർക്കറ്റ് റോഡ് പ്രവൃത്തി ചെയ്യാൻ തീരുമാനിക്കുകയായിരുന്നുവെന്നാണ്. വളരെ അടിയന്തിരമായി ചെയ്യേണ്ട പ്രവൃത്തിയായിരുന്നു ഇതെന്നും, എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിലിലേയ്ക്ക് കത്ത് നൽകിയിരുന്നുവെന്നും അടിയന്തര സാഹചര്യത്തിൽ പ്രവൃത്തി പെട്ടെന്ന് പൂർത്തീകരിക്കുകയായിരുന്നെന്നും അതിനാലാണ് പ്രവൃത്തി പൂർത്തീകരിച്ച ശേഷം അംഗീകാരം ലഭിക്കുന്ന അവസ്ഥയുണ്ടായതെന്നും മറുപടിയിൽ അറിയിച്ചു. ടെണ്ടറിൽ എല്ലാ സമയവും മുകളിൽ വിവരിച്ച ടെണ്ടർ കുറവ് ലഭിക്കുമെന്ന് വിലയിരുത്താനാവില്ലെന്നും മറുപടിയിൽ വിശദീകരിക്കുകയുണ്ടായി.

ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികളും കരാർ ചമയ്ക്കലും നടന്നിരിക്കുന്നത് 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെയാണ്. മറുപടിയിൽ വിവരിച്ച പ്രകാരം അടിയന്തിര പ്രധാന്യമുള്ള പ്രവൃത്തിയായിരുന്നെങ്കിൽ ഈ പദ്ധതി നിർദ്ദേശം തൻവർഷത്തെ പദ്ധതി രൂപീകരണ വേളയിൽ പ്രയോരിറ്റി കണക്കാക്കി ഉൾപ്പെടേണ്ടതായിരുന്നു/അല്ലെങ്കിൽ തൻവർഷത്തെ പദ്ധതി ഭേദഗതികളിൽ ഉൾപ്പെടുത്തി നടത്തേണ്ടതായിരുന്നു. ഒരു സാമ്പത്തിക വർഷത്തിന്റെ ഭൂരിഭാഗം കാലയളവും ഈ വിഷയത്തിനായി ലഭ്യമായിട്ടും വിഭാവനം ചെയ്ത പ്രവൃത്തി ഒഴിവാക്കി യഥാർത്ഥ ആവശ്യത്തിനുള്ള പദ്ധതി തയ്യാറാക്കാതെ നിർവ്വഹണം നടത്തിയത് ഗുരുതര അപാകതയാണ്.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ നിന്നും സർക്കാർ നിർദ്ദേശങ്ങളെയെല്ലാം അവഗണിച്ച്/ആസൂത്രണബോർഡിനെയും ജനങ്ങളെയും കബളിപ്പിക്കും വിധമുള്ള പ്രവർത്തനമാണ് നഗരസഭ നടത്തിയതെന്നും, കരാറുകാരന് കൂടുതൽ ലാഭമുണ്ടാക്കുന്നതിന് നഗരസഭ കൂട്ടു

നിൽക്കുകയായിരുന്നെന്നും വ്യക്തമാകുന്നു. നഗരസഭയ്ക്ക് ചെലവിൽ കുറവു വരുത്താമായിരുന്ന 2,28,998/- രൂപ നഗരസഭാ ഫണ്ടിന്റെ നഷ്ടമായി കണക്കാക്കുകയും, ഈ തുക ഇതിനു സാഹചര്യമൊരുക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും, എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം നടത്താൻ അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 09-05-2022,<br>10-05-2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവവരം

-ഇല്ല-

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

-ഇല്ല-

### 4-5 വായ്പ/വായ്പ തിരിച്ചടവ്

2016-17 സാമ്പത്തിക വർഷം മുതൽ ഇ. എം. എസ്. ഭവന പദ്ധതി ലോൺ തുക 21,48,857/- രൂപ തിരിച്ചടവാക്കാൻ അവശേഷിക്കുന്നു ണ്ട്. ഈ തുക തിരിച്ചടവാക്കി നഗരസഭയുടെ ബാധ്യത തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ( മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വായ്പ ഉൾപ്പെട്ടിരുന്നില്ല. )

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | വായ്പ | വർഷാരം | തൻവർഷം | വർഷാ |
|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തുക | ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായി രുന്ന തുക | തിരിച്ചടച്ച തുക | | വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | 6200000 | 0 | 2879999 | – | 3320001 |
| ഇ.എം.എസ് വായ്പ | | 2148857 | – | – | 2148857 |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 48 | 2003-04 | പൊതു പരാമർശം 1 | കളിമൺപാത്ര യൂണിറ്റ് പ്രവർത്തന മാരംഭിച്ചില്ല | |

| | | | | | |
|---|---|---|---|---|---|
| 2001-02 പ്ലാൻ | 16 | 2003-04 | പൊതു പരാമർശം 3 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം | |
| 2001-02 | 18 | 2003-04 | പൊതു പരാമർശം 4 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റികൾക്ക് കൈമാറിയില്ല. | |
| 2000-01 | 32 | 2003-04 | പൊതു പരാമർശം 7 | നികുതി പിരിവിലെ അലംഭാവം വൻതുക കാലഹരണപ്പെട്ടു. | |
| 2001-02 | - | 2004-05 | പൊതു പരാമർശം 3 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2002-03 | 3-11 | 2005-06 | പൊതു പരാമർശം 70(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല 220950 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |
| 2003-04 | 3-11 | 2005-06 | 70(8) | കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാവുന്നു 38527 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |
| 2002-03 | 2 | 2005-06 | 70(14) | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ | |

| | | | | | |
|---|---|---|---|---|---|
| | | | | ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം (തുക ഈടാക്കാൻ RR നടപടി, റിപ്പോർട്ട് നൽകാൻ ശുപാർശ) | |
| 2004-05 | 2-7 | 2006-07 | 3.79.1 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീ 90-91 മുതൽ കുടിശ്ശിക | |
| 2004-05 | 3-15 | 2006-07 | 3.79.19 | ടാറിന് അധികനിരക്ക് നൽകി | |
| | 3-16 | 2006-07 | 3.79.19 | മണ്ണ് പ്രവൃത്തി അപാകതകൾ | |
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണ ചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. | |
| 2007-08 | 3-21 | 2009-10 | 3.8.11 | മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട് | |
| 2009-10 | 3-1 | 2011-12 | 2.7.3 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം | |
| | | 2013-14 | 5.3.5.4 | വനിതാ വ്യവസായ കേന്ദ്രം | |
| | | 2013-14 | 5.1.5.10 | കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | 2014-15 | 4.1.8 | ആസ്തികൾ കാട്ടു പിടിച്ച് കിടക്കുന്നു | |
| | | 2015-16 | 4.1.1 | അക്കൗണ്ടിംഗ് സമ്പ്രദായം അടിസ്ഥാന സൗകര്യങ്ങൾ | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,34,08,918 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 19,03,10,044 |
| വരവിനങ്ങളിലുള്ള നഷ്ടം | 7,95,588 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,78,124 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 57,097 |

(ബി). ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 723600 | | ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 2-2 | 71988 | | ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 3-1 | | 4071 | ശ്രീമതി.ധന്യ.സി, മുൻസിപ്പൽ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 3-2 | | 45055 | ശ്രീമതി.ധന്യ.സി, മുൻസിപ്പൽ എഞ്ചിനീയർ |
| 3-3 | | 228998 | ശ്രീ.കൃഷ്ണൻകുട്ടി.പി.എം, മുൻസിപ്പൽ എഞ്ചിനീയർ വാർഡ് കൗൺസിലർമാർ (പേര് വിവരം താഴെ ചേർക്കുന്നു) |

ജനപ്രതിനിധികൾ

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1. | ശ്രീ. പി. ടി. ബാബു | 29 |
| 2. | അഡ്വ. ചാന്ദ്നി | 15 |
| 3. | ശ്രീമതി. റുബീന. കെ. കെ | 27 |
| 4. | ശ്രീ. മധു മാസ്റ്റർ | 22 |
| 5. | ശ്രീ. വി. കുഞ്ഞൻ മാസ്റ്റർ | 25 |
| 6. | ശ്രീമതി. പ്രജിത പ്രദീപ് | 14 |
| 7. | ശ്രീ. മുഹമ്മദ് അബ്ദുൾ മജീദ് | 30 |
| 8. | ശ്രീ. ഇ. സത്യനാരായണൻ മാസ്റ്റർ | 1 |

| | | |
|---|---|---|
| 9. | ശ്രീമതി. സക്കീന കബീർ | 2 |
| 10. | ശ്രീ. അബ്ദുൾ ഗഫൂർ | 3 |
| 11. | ശ്രീ. വേണു കല്ലുരുട്ടി | 4 |
| 12 | ശ്രീ. നൗഫൽ മല്ലശ്ശേരി | 5 |
| 13 | ശ്രീ. വിശ്വനാഥൻ നികുഞ്ജം | 6 |
| 14 | ശ്രീമതി. അനിതകുമാരി ടീച്ചർ | 7 |
| 15 | ശ്രീ.എം.ടി. വേണുഗോപാലൻ മാസ്റ്റർ | 8 |
| 16 | ശ്രീമതി. എ. കല്യാണിക്കുട്ടി | 9 |
| 17 | ശ്രീ. ശിവശങ്കരൻ വളപ്പിൽ | 10 |
| 18 | ശ്രീമതി. വസന്തകുമാരി | 11 |
| 19 | ശ്രീമതി. പി. ജോഷില | 12 |
| 20 | ശ്രീമതി. അശ്വതി സനൂജ് | 13 |
| 21 | ശ്രീമതി. വസന്തകുമാരി | 16 |
| 22 | ശ്രീമതി. ബിന്ദു. കെ | 17 |
| 23 | ശ്രീമതി. സാറ കൂടാരം | 18 |
| 24 | ശ്രീമതി. ഫാത്തിമ കൊടപ്പന | 19 |
| 25 | ശ്രീ. അബ്ദുൾ ഗഫൂർ മാസ്റ്റർ | 20 |
| 26 | ശ്രീമതി. റംല ഗഫൂർ | 21 |
| 27 | ശ്രീമതി. ബിജ്ന മോഹൻ | 23 |
| 28 | ശ്രീമതി. രജനി. എം. വി | 24 |
| 29 | ശ്രീ. രാജൻ എടോനി | 26 |
| 30 | ശ്രീ. ബിന്നി മനോജ് | 28 |
| 31 | ശ്രീ. അബൂബക്കർ. പി. പി | 31 |
| 32 | ശ്രീ. എം. കെ. യാസർ | 32 |
| 33 | ശ്രീ. കൃഷ്ണൻ വടക്കയിൽ | 33 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 10,000 | ശ്രീ. എൻ. കെ. ഹരീഷ്, സെക്രട്ടറി |
| 1-22 | 43,097 | ശ്രീ. എൻ. കെ. ഹരീഷ്, സെക്രട്ടറി |
| 1-23 | 4,000 | ശ്രീ. എൻ. കെ. ഹരീഷ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

എ)ജനപ്രതിനിധികൾ

| ക്രമ നം. | പേര്, | വിലാസം | വാർഡ് നം. |
|---|---|---|---|
| 1. | ശ്രീ.പി.ടി.ബാബു | മാമ്പറ്റക്കുന്നത് വീട്, മാമ്പറ്റ, മുക്കം. പി. ഒ, 673602 | 29 |
| 2. | അഡ്വ.ചാന്ദ്നി | വിസ്മയ, കച്ചേരി, മുക്കം. പി. ഒ, 673602 | 15 |
| 3. | ശ്രീമതി.റുബീന.കെ.കെ | മലാക്കുന്നത് വീട്, നീലേശ്വരം പി. ഒ, | 27 |

| | | | |
|---|---|---|---|
| | | ഓമശ്ശേരി വഴി,<br>673602 | |
| 4. | ശ്രീ.മധു മാസ്റ്റർ | മണ്ണറക്കൽ വീട്,<br>പൊറ്റശ്ശേരി,<br>മണാശ്ശേരി. പി. ഒ,<br>മുക്കം 673602 | 22 |
| 5. | ശ്രീ.വി.കുഞ്ഞൻ മാസ്റ്റർ | വെള്ളത്തോടത്ത് വീട്,<br>മണാശ്ശേരി. പി. ഒ,<br>മുക്കം 673602 | 25 |
| 6. | ശ്രീ.പ്രജിത പ്രദീപ് | പയ്യടിപ്പറമ്പിൽ വീട്,<br>മുക്കം. പി. ഒ,<br>673602 | 14 |
| 7. | ശ്രീ.മുഹമ്മദ് അബ്ദുൾ മജീദ് | കിളിക്കോട്ട് ചാലിൽ<br>വീട്,<br>നീലേശ്വരം പി. ഒ,<br>ഓമശ്ശേരി വഴി<br>673582 | 30 |
| 8. | ശ്രീ.ഇ.സത്യനാരായണൻ മാസ്റ്റർ | ചൈത്രം,<br>നീലേശ്വരം. പി. ഒ,<br>ഓമശ്ശേരി വഴി<br>673582 | 1 |
| 9. | ശ്രീ. സക്കീന കബീർ | വളപ്പിൽ വീട്,<br>കല്ലുരുട്ടി പി. ഒ<br>തിരുവമ്പാടി വഴി<br>673582 | 2 |
| 10. | ശ്രീ. അബ്ദുൾ ഗഫൂർ | പുൽപ്പറമ്പിൽ വീട്,<br>കല്ലുരുട്ടി. പി. ഒ<br>ഓമശ്ശേരി വഴി<br>673582 | 3 |

| | | | |
|---|---|---|---|
| 11. | ശ്രീ. വേണു കല്ലുരുട്ടി | ആലും പിലാക്കൽ<br>വീട്, കല്ലുരുട്ടി. പി. ഒ<br>ഓമശ്ശേരി വഴി<br>673582 | 4 |
| 12 | ശ്രീ.നൗഫൽ മല്ലശ്ശേരി | മല്ലശേരി വഴി,<br>കല്ലുരുട്ടി. പി. ഒ,<br>ഓമശ്ശേരി വഴി<br>673582 | 5 |
| 13 | ശ്രീ.വിശ്വനാഥൻ<br>നികുഞ്ജം | പൂക്കളക്കണ്ടിയിൽ<br>വീട്, കല്ലുരുട്ടി. പി. ഒ,<br>തിരുവമ്പാടി | 6 |
| 14 | ശ്രീമതി.അനിതകുമാരി<br>ടീച്ചർ, | ചെറുക്കാട്ട് വീട്,<br>നീലേശ്വരം. പി. ഒ,<br>ഓമശ്ശേരി വഴി<br>673582 | 7 |
| 15 | ശ്രീമതി.എം. ടി.<br>വേണുഗോപാലൻ മാസ്റ്റർ | മലാതൊടികയിൽ<br>വീട്,<br>നീലേശ്വരം. പി. ഒ,<br>ഓമശ്ശേരി വഴി<br>673582 | 8 |
| 16 | ശ്രീമതി.എ.കല്യാണിക്കുട്ടി | എടക്കാട്ട് പറമ്പിൽ<br>വീട്,<br>മണാശ്ശേരി. പി. ഒ,<br>വട്ടോളിപ്പറമ്പ് -<br>673602 | 9 |
| 17 | ശ്രീ.ശിവശങ്കരൻ വളപ്പിൽ | വളപ്പിൽ വീട്,<br>മണാശ്ശേരി. പി. ഒ,<br>മുക്കം - 673602 | 10 |

| | | | |
|---|---|---|---|
| 18 | ശ്രീമതി.വസന്തകുമാരി | കുന്നമ്മൽ വീട്, മണാശ്ശേരി. പി. ഒ , മുക്കം, 673602 | 11 |
| 19 | ശ്രീമതി.പി.ജോഷില | തടത്തിൽ വീട്, അഗസ്ത്യൻ മൂഴി, മുക്കം. പി. ഒ, 673602 | 12 |
| 20 | ശ്രീമതി.അശ്വതി സനൂജ് | തറോം കണ്ടിയിൽ വീട്, മുക്കം. പി. ഒ, കോഴിക്കോട് 673602 | 13 |
| 21 | ശ്രീമതി.വസന്തകുമാരി | അഞ്ഞങ്ങാട് വീട്, മണാശ്ശേരി. പി. ഒ , മുക്കം, 673602 | 16 |
| 22 | ശ്രീമതി.ബിന്ദു. കെ | മഠത്തും പുറായിൽ വീട്, കച്ചേരി, മുക്കം, 673602 | 17 |
| 23 | ശ്രീമതി.സാറ കൂടാരം | കൂടാരം വീട്, ചേന്ദമംഗല്ലൂർ. പി. ഒ, മുക്കം, 673602 | 18 |
| 24 | ശ്രീമതി.ഫാത്തിമ കൊടപ്പന | വസതി, ചേന്ദമംഗല്ലൂർ. പി. ഒ, മുക്കം, 673602 | 19 |
| 25 | ശ്രീ.അബ്ദുൾ ഗഫൂർ മാസ്റ്റർ | സദനം, ചേന്ദമംഗല്ലൂർ. പി. ഒ, മുക്കം, 673602 | 20 |
| 26 | ശ്രീമതി.റംല ഗഫൂർ | അമ്പലത്തിങ്ങൽ വീട്, വെസ്റ്റ് ചേന്ദമംഗല്ലൂർ. | 21 |

| | | | |
|---|---|---|---|
| | | പി. ഒ, മുക്കം, 673602 | |
| 27 | ശ്രീമതി.ബിജ്ന മോഹൻ | നെല്ലൂളി വീട്,<br>മണാശ്ശേരി. പി. ഒ ,<br>മുക്കം, 673602 | 23 |
| 28 | ശ്രീമതി.രജനി. എം. വി | ആക്കത്തൊടികയിൽ<br>വീട് ,<br>മണാശ്ശേരി. പി. ഒ,<br>മുക്കം, 673602 | 24 |
| 29 | ശ്രീ.രാജൻ എടോനി | എടോനിമ്മൽ വീട്,<br>മണാശ്ശേരി. പി. ഒ<br>, മുക്കം, 673602 | 26 |
| 30 | ശ്രീ.ബിന്നി മനോജ് | കുന്നത്ത് ചാലിൽ<br>വീട്,<br>മണാശ്ശേരി പി. ഒ,<br>മുത്താലം,<br>മുക്കം, 673602 | 28 |
| 31 | ശ്രീ.അബൂബക്കർ. പി. പി | പടിഞ്ഞാറെ<br>പുറായിൽ വീട്,<br>നീലേശ്വരം. പി. ഒ,<br>ഓമശ്ശേരി - 673582 | 31 |
| 32 | ശ്രീ.എം. കെ. യാസർ | മൂശാരിക്കണ്ടി വീട്,<br>നീലേശ്വരം. പി. ഒ,<br>ഓമശ്ശേരി - 673582 | 32 |
| 33 | ശ്രീ.കൃഷ്ണൻ വടക്കയിൽ | വടക്കയിൽ വീട്,<br>നീലേശ്വരം. പി. ഒ,<br>ഓമശ്ശേരി വഴി -<br>673582 | 33 |

ബി)നിർവഹണോദ്യോഗസ്ഥർ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി | സെക്രട്ടറി, വടകര നഗരസഭ | നായരു കുന്നത്ത്, വെസ്റ്റ് പിലാശ്ശേരി, കുന്നമംഗലം. |
| ശ്രീമതി.ധന്യ.സി, മുൻസിപ്പൽ എഞ്ചിനീയർ | മുൻസിപ്പൽ എഞ്ചിനീയർ, മുക്കം നഗരസഭ | സൗഭാഗ്യ വീട്, പ്രോവിഡൻസ് കോളേജിന് സമീപം, മലാപറമ്പ്, കോഴിക്കോട്. |
| ശ്രീ.കൃഷ്ണൻകുട്ടിപി.എം, മുൻസിപ്പൽ എഞ്ചിനീയർ | മുൻസിപ്പൽ എഞ്ചിനീയർ, മുക്കം നഗരസഭ | പുത്തേരിമണ്ണിൽ വീട്, ചെറുകുളത്തൂർ.പി. ഒ, കോഴിക്കോട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-00 | കെ എസ് എ കെ കെ ഡി പി 14/2239/16(1) തി. 27-12-2017 | 34, 35(1),(2),38 A, B, 39, 48, 64,65, 66, 71 |
| 2000-01 | കെ എസ് എ കെ കെ ഡി പി 14/2239/16(2) തി. 27-12-2017 | 29, 32, 35, 36, 38, 42, 48, 50, 51, 52, 53, 55, 56, 57 |
| 2001-02 | കെ എസ് എ കെ കെ ഡി പി 14/2239/16(3) തി. 27-12-2017 | 3(4), 3(5), 3(7) |
| 2002-03 | കെ എസ് എ കെ കെ ഡി പി 14/2017/16 തി. 23-12-2017 | 3(2), 3(3)1, 3(3)1, 3(3)2, 3(5), 3(9), 3(10), 3(12), 3-13 മുതൽ 3-19 വരെ |
| 2005-06 | കെ എസ് എ കെ കെ ഡി പി14/2239/16 08-02-2018 | 2-5, 2-6(2), 2-7, 3(2), 3(3), 3(5), 3(6), 3(7)<br>3(8), 3(10), 3(11), 3(12), 3(13), 3(14) |
| 2010-11 | കെ എസ് എ കെ കെ ഡി പി 14/2239/16(5) തി. 08-02-2018 | 2-4, 3(10, 3(4), 3(5), 3(6), 3(7), 3(8), 3(9), 3(11), 3(15), 3(19), 3(20), 3(27) |
| 2016-17 | കെ എസ് എ കെ കെ ഡി പി 14/1735/17 തി. 21-05-2018 | 2-1 മുതൽ 2-17 വരെ, 3-1 മുതൽ 3-18 വരെ |
| 2017-18 | കെ എസ് എ കെ കെ ഡി പി 14/346/2019 തി. 10-05-2019 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-9 വരെ, 3-11 മുതൽ 3-19 വരെ, 3-21, 3-22, 3-23 |
| 2018-19 | കെ എസ് എ കെ കെ ഡി പി 13/1262/2020 തി. 28.01.2021 | 1-12, 1-14, 1-16, 1-18, 1-21, 1-22, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-32, 1-33, 1-35, 1-36, 1-37, 1-38, 1-40, 1-41, 1-42, 1-43, 1-44, 1-46<br>1-48, 3-1 |
| 2019-20 | കെ എസ് എ കെ കെ ഡി പി 9/384/2022 തി. 21.03.2022 | മുഴവൻ ഖണ്ഡികകളും (51) |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്